കേരളം: ഇന്ത്യൻയൂണിയനിലെ അധ:കൃതസംസ്ഥാനം

PG
331

പി. ഗോവിന്ദപ്പിള്ള

ദേശാഭിമാനിപ്രസിദ്ധീകരണം

പി. ഗോവിന്ദപ്പിള്ള

7817

കേരളം:

ഇന്ത്യൻ യൂണിയനിലെ

അധ:കൃതസംസ്ഥാനം



ഒരു ദേശാഭിമാനി പ്രസിദ്ധീകരണം

ജൂലായ് 1968
ഒന്നാംപതിപ്പ് 3000

PG
331

ദേശാഭിമാനി ബുക്ക് ഹൗസ്
തിരുവനന്തപുരം-1

പ്രസ്സ് റാംസ്സ്, തിരുവനന്തപുരം.

വില 60 പൈസ

കുറിപ്പ്

കേരളത്തിലെ സമ്പദ്‌വ്യവസ്ഥയെക്കുറിച്ച് വിസ്തരിച്ചൊരു ഗ്രന്ഥമെഴുതാൻവേണ്ടി പല ഔദ്യോഗികരേഖകളിൽനിന്നും ശേഖരിച്ച വസ്തുതകളാണ് ഈ ലഘുലേഖയിൽ ചേർത്തിട്ടുള്ളത്. കണക്കുകൾ കുറെ എഴുതിപ്പോയി, അതുകൊണ്ട് രസമായി വായിച്ചുപോവാൻ പറ്റില്ല എന്ന കാര്യം ഏതായാലും അറിയാം. പക്ഷെ സ്ഥിതിവിവരകണക്കുതന്നെ പ്രധാനമായി ചേർക്കണം എന്നാണെനിക്കു കിട്ടിയ നിർദ്ദേശം. കേന്ദ്രം കേരളത്തോടു കാട്ടുന്ന വിവേചനവും അവഗണനയും പരക്കെ അംഗീകരിക്കപ്പെട്ട സത്യമാണെങ്കിലും അതേക്കുറിച്ചുള്ള അനിഷേധ്യമായ വസ്തുതകൾ പലപ്പോഴും ഒരേസ്ഥലത്തു നിന്നു കണ്ടുപിടിക്കാൻ വിഷമമാണ്. അതുകൊണ്ടു രസകരമായ ഒരു ലഘുലേഖയെന്ന നിലയിലല്ല, വിദ്യാർത്ഥികൾക്കു കൂടുതൽ പഠനം നടത്താനുള്ള തുടക്കമായും പ്രക്ഷോഭകർ—പ്രചാരകർക്കു റെഡിറെഫറൻസിനുള്ള ഒരു "കൈപുസ്തക"മായാണിതു തയ്യാറാക്കിയതു്.

ഇതിൽ വന്നിട്ടുള്ള തെറ്റുകളും അവ്യക്തതകളും ചൂണ്ടിക്കാണിക്കുന്നവരോടു ഞാൻ കൃതജ്ഞനായിരിക്കും. സ. എ. കെ ജിയുടെയും സ. സി. എച്ച്. കണാരന്റെയും നിർബ്ബന്ധപൂർവ്വമായ പ്രേരണയും ആജ്ഞയുമില്ലായിരുന്നെങ്കിൽ ഇപ്പോഴും തയ്യാറാവുമായിരുന്നില്ലാത്ത ഈ ലഘുലേഖ കൂടുതൽ വിസ്തരിച്ചു് പരിഷ്കരിക്കുവാൻ സഖാക്കളും വായനക്കാരും ഉപദേശനിർദ്ദേശങ്ങളും തരുമെങ്കിൽ സന്തോഷമായി.

ഇതിൽ ഭക്ഷ്യപ്രശ്നം ഞാൻ സന്ദർഭവശാൽ പരാമർശിച്ചിട്ടേയുള്ളൂ. സ. ഗൗരിയമ്മയുടെ "കേരളത്തിലെ ഭക്ഷ്യകുഴപ്പവും കേന്ദ്രത്തിന്റെ പകപോക്കലും" എന്ന ആധികാരികമായ ലഘുലേഖയിലെ വസ്തുതകൾ ഇവിടെ ആവർത്തിക്കേണ്ടെന്നു കരുതി.

ഈ ലഘുലേഖയിലെ വസ്തുതകൾക്കും സ്ഥിതിവിവരകണക്കുകൾക്കും അനേകം ഔദ്യോഗികപ്രസിദ്ധീകരണങ്ങളും ആധികാരികഗ്രന്ഥങ്ങളും പ്രബന്ധങ്ങളും ഞാനുപയോഗപ്പെടുത്തിയിട്ടുണ്ട്. ചില കണക്കുകൾ അവയെ ആധാരമാക്കി ഞാൻ തയ്യാറാക്കിയതാണ്. എങ്കിലും ആധികാരികപ്രമാണത്തിന്റെ അടിസ്ഥാനത്തിലല്ലാതെ ഒരൊറ്റ അക്കവും ഇതിൽ ചേർത്തിട്ടില്ല എന്നുറപ്പിച്ചു പറഞ്ഞുകൊള്ളട്ടെ. ഇപ്പോൾതന്നെ കണക്കുകൾ കൊണ്ടു വീർപ്പുമുട്ടിയ ഈ ലഘുലേഖയിൽ ഓരോസ്ഥലത്തും രേഖകളുടെയും പുസ്തകങ്ങളുടെയും പേർ ചേർത്തിട്ടില്ല. അതു് ലഘുലേഖയെ കൂടുതൽ വികൃതമാക്കുകയേ ഉള്ളൂ.

ഞാൻ ഉപയോഗിച്ച പ്രധാന രേഖകളിൽ ഏതാനും എണ്ണം താഴെ ചേർക്കുന്നു.

1. Kerala–An Economic Review: 1967
2. Statistical Hand Books of Kerala: 65' & 66'
3. Kerala in Maps

   (All issued by Bureau of Ec. and statistics, Kerala)
4. India, Pocket Book of Information, 1966
5. Statistical Abstracts, India

6. Publications of Reserve Bank, Labour Bureau, etc.
7. Techno-Economic Survey of Kerala, (NCAER)
8. Five Year Plans and Census Reports

Among the academic papers used the following may be mentioned :

1. "Centre – State Relations" Kerala Govt's Views.
2. Dr. M. J. K. Thavaraj, "Grants-in-Aid in the Context of the Present State of the Indian Union"
3. Sri. M. N. V. Nair and Prof. N. S. Rama Swamy "Some Economic Aspects of Centre-State Relations".
4. Dr. K. Mathew Kurien : "Regional Planning in India-with special Reference to Kerala".
5. Dr. A. G. Majumdar : "Statewise Rates of Growth of Organised Industry During the period 1951 to 1964."

ഈ പണ്ഡിതന്മാരായ ലേഖകന്മാരോടും സ്ഥാപനങ്ങളോടും ഞാൻ വളരെ കടപ്പെട്ടിരിക്കുന്നു.

ജൂലായി, 1968. പി. ഗോവിന്ദപ്പിള്ള

ഇന്ത്യൻയൂണിയനിലെ അധഃകൃതസംസ്ഥാനം

1. മുഖവുര

1947 ആഗസ്റ്റിൽ സ്വാതന്ത്ര്യം നേടിയ ഭാരതം ഈ 21-ാമാളം വർഷംകൊണ്ട് അത്ഭുതപൂർവ്വമായ സമൃദ്ധിയോടുകൂടിയ സാമ്പത്തികക്കുഴപ്പത്തിന്റെ നീർച്ചുഴിയിലേയ്ക്ക് മുതലക്കുപ്പ് കുത്തുകയാണ്. നമ്മുടെ വിദേശാശ്രിതത്വം വർദ്ധിച്ചു. തൊഴിലില്ലായ്മ പെരുകി. എല്ലാത്തരം കുത്തകകളുടെയും ഭീമമായ വളർച്ചയും സാധാരണ ജനങ്ങളുടെ യഥാർത്ഥ വരുമാനത്തിലുള്ള ഇടിവുമാണ് ഉരുപതിലേറെ കൊല്ലം ഭരണം കൈയ്യാളിയ കോൺഗ്രസ്സ് പാർട്ടി അഭംഗുരമായി തുടർന്നു പോന്ന ഭരണത്തിനും സംഭാ-

വയ ചെയ്തതു്. ഈ ദുരിത സംവർദ്ധകമായ സമ്പദ്വ്യവ
സ്ഥയും സാമ്പത്തികനയങ്ങളും ഈ ലഘുലേഖയുടെ വിഷയ
മല്ല.

വൻകിട കുത്തകകളെ വളർത്തുകയും ഇടത്തരം വ്യവ
സായികളെ തളർത്തുകയും ഭൂരിപക്ഷം സാധാരണക്കാരെ തമ
സ്കരിക്കുകയും ചെയ്യുന്ന ഈ മുതലാളിത്ത വികസനത്തിന്റെ അനി
വാര്യഫലമാണു് സാമ്പത്തിക വളർച്ചയിലെ പ്രാദേശിക
അസമത്വം. കുത്തകകളുടെ കേന്ദ്രങ്ങളായ മഹാരാഷ്ട്രം ബങ്കാളം
മദിരാശി മുതലായ ചില സംസ്ഥാനങ്ങളും പഞ്ചവത്സരപ
ദ്ധതികളുടെ പ്രയോജനത്തിൽ സിംഹഭാഗവും കാൽനൂറ്റാണ്ടു്
കൊഴുത്തുതടിച്ചപ്പോൾ (അവിടങ്ങളിലെ സാധാരണ ജനങ്ങൾ
മെച്ചപ്പെട്ടുവെന്നു് സൂചിപ്പിക്കുന്നില്ല) മുമ്പിനാലെ പിന്നോ
ക്കം നിൽക്കുന്ന കേരളത്തെപോലുള്ള പ്രദേശങ്ങളും വീണ്ടും
പുറകോട്ടടിക്കുകയാണു് ചെയ്തതു്. അങ്ങിനെ മുതലാളിത്ത
പദ്ധതികളും മുന്നേറും തോറും ധനവാൻ കൂടുതൽ ധനവാനും
ദരിദ്രൻ കൂടുതൽ ദരിദ്രനും ആയിത്തീരുന്നുപാലെതന്നെ,
മുന്നോക്ക പ്രദേശങ്ങളും കൂടുതൽ വികസിക്കുകയും പിന്നോക്ക
പ്രദേശങ്ങളും അവഗണിക്കപ്പെട്ട പിന്നെയും പിന്നോക്കം
തള്ളപ്പെടുകയും ചെയ്യുന്നു എന്നതാണു് വസ്തുത. ഇങ്ങിനെ
പിന്നോക്കം തള്ളപ്പെട്ടുകൊണ്ടിരിക്കുന്ന പല സംസ്ഥാനങ്ങളും
ഉണ്ടെങ്കിലും കേരളമാണു് നെല്ലിപ്പടിവരെ ചവിട്ടി താഴ്ത്ത
പ്പെട്ടിട്ടുള്ളതു് എന്നു് ആധികാരികമായ കണക്കുകളും ഉദ്ധരിച്ചു
തെളിയിക്കുകയാണു് ഈ ലഘുലേഖയുടെ ഉദ്ദേശം.

വാദങ്ങളും വ്യാഖ്യാനങ്ങളും പുരുക്കി കണക്കുകളെ തന്നെ
സ്വയം സംസാരിക്കാൻ വിടുകയാണു്. ഞാനിവിടെ ചെയ്യുൻ

പോകുന്നതു്. ഓരോ കണക്കുകളും എവിടെ യിന്നെടുത്തു എന്നു് വിശദമായി എഴുതി ചേർക്കുന്നില്ല, അതു് ലഘുലേഖ വികൃതമാക്കും. ഏതെല്ലാം രേഖയെ ആണു് ആശ്രയിച്ചതു് എന്നു് മുഖക്കുറിപ്പിൽ പറഞ്ഞിട്ടുണ്ടു്. ഇതിലേതെങ്കിലും കണക്കിനെ ആരെങ്കിലും വെല്ലു വിളിച്ചാൽ ആ കണക്കുകൾ തെളിയിക്കാനുള്ള ബാധ്യത ഞാനേല്ക്കുന്നു.

2. ഗുരുതരമായ പ്രശ്നങ്ങൾ

വിസ്തീർണ്ണത്തിൽ ഇന്ത്യയിലെ ഏറ്റവും ചെറിയ സംസ്ഥാനമാണു് കേരളം. 38,855 ചതുരശ്ര കിലോമീറ്റർ വിസ്താരമുള്ള കേരള ഭൂമി ഭാരതത്തിന്റെ 1.27 ശതമാനം ഭാഗം വരും. എന്നാൽ ഇതു ചെറിയ സംസ്ഥാനത്തിലെ ജനസംഖ്യ അതു ചെറുതല്ല. 1961-ലെ കാനേഷുമാരിയിൽ 1.69 കോടിയായിരുന്ന ജനസംഖ്യ 1968-ൽ 2 കോടിയായും എന്നു് കണക്കാക്കപ്പെട്ടിരിക്കുന്നു. ഇന്ത്യയിലാകെ 1961-ലെ കണക്കുപ്രകാരം 43.9 കോടി ജനങ്ങളുണ്ടായിരുന്നു. 1961-ൽ കേരളത്തിലെ ജനസംഖ്യ അഖിലേന്ത്യാ ജനസംഖ്യയുടെ 3.86 ശതമാനമായിരുന്നു. ഏഴു കൊല്ലത്തെ ജനസംഖ്യാ വർദ്ധനവുകൂടി കണക്കിലെടുത്താൽ കേരളത്തിന്റെ ശതമാനവിതം വർദ്ധിച്ചിരിക്കും. കാരണം കേരളത്തിലെ ജനസംഖ്യാ വർദ്ധനവിന്റെ തോതു് ഇന്ത്യൻ തോതിനേക്കാൾ കൂടുതലാണു്. 1951 മുതൽ 1961 വരെയുള്ള ദശകത്തിൽ ഇന്ത്യൻ ജനസംഖ്യ 21.50 ശതമാനം വർദ്ധിച്ചപ്പോൾ കേരളത്തിലേതു് 24.76 ശതമാനം വർദ്ധിച്ചു

ഇതു് കേരളത്തിലെ സ്ത്രീകളുടെ പ്രസവശക്തികൊണ്ടാണെന്നും കേരളത്തിലെ ദുരിതത്തിനു് മുഴുവൻ കാരണം കുടുംബാസൂത്രണം നടത്താത്ത മാതാപിതാക്കളുമാണെന്നുമുള്ള ഒരുപവാദം പറഞ്ഞു കേട്ടിട്ടുണ്ടു്. സത്യമല്ലാ അപവാദം മാത്രം. കേരളത്തിലെ ജനനനിരക്കു് ഇന്ത്യയിലേക്കാൾ കുറവാണെന്നും മരണനിരക്കു് കുറഞ്ഞതിനാലാണു് ജനസംഖ്യാ വർദ്ധനവിന്റെ തോതു് കൂടിയിരിക്കുന്നതു് എന്നും 1-ാംപട്ടികയിലെ കണക്കുകളിൽ നിന്നു് കാണാം. അടുത്തകാലത്തെ കണക്കുകൾ തൊഴിലാളികളുടെ കിട്ടിയിട്ടില്ലാത്തതിനാൽ ഇതു് പ്രസിദ്ധീകരിക്കുന്നു. ഇപ്പോഴത്തെ പ്രവണതയും താഴെ കാണുന്നതിൽ നിന്നു് വ്യത്യസ്തമല്ല.

പട്ടിക 1

ജനനമരണ നിരക്കുകൾ

		ആയിരത്തിൽ ശരാശരിനിരക്കു്	
		ജനനം	മരണം
1941–51	ഇന്ത്യ	41.3	24.9
	കേരളം	38.2	19.3
1951-56	ഇന്ത്യ	41.0	25.0
	കേരളം	38.3	17.0

മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിലെ മരണനിരക്ക് ഏറ്റവും താഴ്ന്നതാണെന്നു കാണാം. കേരളീയരുടെ ആരോഗ്യസംരക്ഷണശീലവും വൃത്തിയും സംസ്ഥാനത്തിലെ താരതമ്യേന ഉയർന്ന പൊതുജനാരോഗ്യ പ്രവർത്തനവും മറ്റുമാണ് ഈ കുറഞ്ഞമരണനിരക്കിനു കാരണമെന്നു ലോകനാഥൻ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതു ശരിയാണു്.

ഇന്ത്യയിലും കേരളത്തിലും 1961-നു ശേഷം ഉണ്ടായ ജനസംഖ്യാ വർദ്ധനകൂടി കണക്കിലെടുത്താൽ കേരളത്തിലെ ജനസംഖ്യ ഇന്ത്യയിലെതിന്റെ 4 ശതമാനത്തിലധികം വരുമെന്നു കണക്കാക്കാം. (1961 ൽ 3.85 ശതമാനമായിരുന്നു) 1.27 ശതമാനം മണ്ണുകൊണ്ടു 4 ശതമാനം ജനങ്ങളെ പോറ്റേണ്ടബാദ്ധ്യതയാണു് കേരളത്തിനു് വന്നുചേർന്നിട്ടുള്ളതു്. കേരളത്തിലെ ജനസാന്ദ്രത ഇന്ത്യയിലെ മറ്റേതുഭാഗത്തേയുംകാൾ കൂടുതലാണു്. 1961ലെ കാനേഷുമാരിയനുസരിച്ചു് തയ്യാറാക്കിയ പട്ടിക അടുത്തപേജിൽ കൊടുക്കുന്നു.

പട്ടിക 2

ജനസംഖ്യ: സംസ്ഥാനതാരതമ്യം

സംസ്ഥാനം	ജനസംഖ്യയനുസരിച്ച് സ്ഥാനം	ജനസംഖ്യാ വിതരണം ശതമാനത്തിൽ	വിസ്തീർണ്ണ വിതരണം ശതമാനത്തിൽ	വിസ്തീർണ്ണത്തിൽ സ്ഥാനം	ജനസംഖ്യയിൽ സ്ഥാനം
ഉത്തരപ്രദേശം	1	16·81	9·65	4	5
ബീഹാർ	2	10·59	5·71	8	3
മഹാരാഷ്ട്രം	3	9·02	10·08	3	8
ആന്ധ്രപ്രദേശം	4	8·20	9·03	5	7
പ. ബങ്കാളം	5	7·36	2·87	13	2
മദിരാശി	6	7·68	4·27	10	4
മധ്യപ്രദേശം	7	7·38	14·54	1	13
മൈസൂർ	8	5·38	6·30	6	9
ഗുജറാത്ത്	9	4·70	6·14	7	11
പഞ്ചാബ്	10	4·63	4·01	11	6
രാജസ്ഥാൻ	11	4·60	11·22	2	14
ഒറീസ്സ	12	4·00	5·11	9	10
കേരളം	13	3·85	1·27	14	1
ആസാം	14	2·71	4·00	12	12
ജമ്മു-കാശ്മീർ	15	0·81	.....	.....	.....

മണ്ണിൽ യിന്നും പൊന്നു വിളയിക്കാൻ കഴിവുള്ളവരാണു് കേരളീയർ. ഇപ്പോഴും തന്നെ കാർഷികോല്പാദനത്തിലും ഇന്ത്യയുടെ മറ്റേതു ഭാഗങ്ങളേക്കാളും ഉയർന്നതാണു് കേരളത്തിലേതു്. പക്ഷെ മണ്ണില്ല. സഹൃദപ്പുറം പാർക്കുന്ന ഭാരതീയരെക്കാളും ഏറ്റവും കുറവു് പ്രതിശീർഷ ഭൂമിയേ കേരളത്തിനുള്ളു എന്നു് ഈ കണക്കുകളും തെളിയിക്കുന്നു. 1961-ലെ കണക്കുപ്രകാരം ലോകത്തിലെ ശരാശരി ജനസാന്ദ്രത ചതുരശ്രകിലോമീറ്ററിനു് 22 മാത്രമായിരുന്നെങ്കിൽ കേരളത്തിലേതു് 435 ആയിരുന്നു.

അതുകൊണ്ടു് കൃഷി അഭിവൃദ്ധിപ്പെടുത്തി കേരളത്തിന്റെ സ്ഥിതി മെച്ചപ്പെടുത്താനുള്ള സാധ്യതകളും പരിമിതമാണു്. ഒട്ടും ഇല്ലെന്നല്ല. വ്യവസായവൽക്കരണം കൊണ്ടു മാത്രമേ കേരളത്തിന്റെ നിലനിൽപ്പു പ്രശ്നങ്ങളും പരിഹരിക്കപ്പെടുകയുള്ളു. മൂന്നു പഞ്ചവത്സരപദ്ധതികളും 20 കൊല്ലത്തെ സ്വാതന്ത്ര്യവും നമ്മെ ഉയർത്തുകയല്ല, താഴ്ത്തികെട്ടി, തകർക്കുകയായിരുന്നുവെന്നു് ഇനി ഞാൻ തെളിയിക്കാം.

3. ഭീമമായ തൊഴിലില്ലായ്മ

തൊഴിലില്ലായ്മ രണ്ടു തരത്തിലുണ്ടു്: പൂർണ്ണമായ തൊഴിലില്ലായ്മയും അപൂർണ്ണമായ തൊഴിലില്ലായ്മയും. കൊല്ലത്തിൽ പന്ത്രണ്ടുമാസവും തൊഴിലില്ലാതെ അലയുന്നവരാണു് പൂർണ്ണമായ തൊഴിലില്ലായ്മയെന്ന വകുപ്പിൽ പെടുന്നതു്. ഏതാനും മാസമോ ആഴ്ചകളോ മാത്രം തൊഴിൽ ലഭിക്കുകയും ബാക്കിയുള്ള കാലം തൊഴിലില്ലാതെ കഴിയുകയും ചെയ്യുന്നവരാണു് അപൂർണ്ണമായ തൊഴിലില്ലായ്മയെന്ന വിഭാഗത്തിലും

ഉപയോഗിക്കുന്നു. ഇംഗ്ലീഷിൽ ആദ്യത്തേതിനു് "അൺഎംപ്ലോയ്മെന്റ്" (Unemployment) എന്നും, മറ്റേതിനു് "അൺഡർ എംപ്ലോയ്മെന്റ്" (Underemployment) എന്നും പറയുന്നു. വിതക്കാലത്തും വിളവെടുപ്പുകാലത്തും മാത്രം പ്രധാനമായി പണി ഉള്ളവരും പൊതുമരാമത്തുവകുപ്പിലും കോൺട്രാക്റ്റ് പണിയിലും മറ്റും ഏർപ്പെട്ടിട്ടുള്ളവരും അതുപോലുള്ള മറ്റാളുകളുമാണു് അംപൂർണ്ണമായ തൊഴിലില്ലായ്മകൊണ്ടു് കഷ്ടപ്പെടുന്നതു്. കേരളത്തിലെന്നപോലെ ഇന്ത്യയിലാകെയും ഈ രണ്ടുതരം തൊഴിലില്ലായ്മകളും വ്യാപകമായി നിലനിൽക്കുന്നുണ്ടു്. ഓരോ പദ്ധതി കഴിയുന്തോറും ഈ രണ്ടുതരം തൊഴിലില്ലായ്മയും കുറയുകയല്ല, വർദ്ധിക്കുകയാണു ചെയ്യുന്നതു്.

പൂർണ്ണമായി തൊഴിലില്ലാത്തവർ ഇന്ത്യയിലാകെ 100 ലക്ഷം വരുമെന്നാണു് കേന്ദ്ര എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ് അടുത്തകാലത്തു് നടത്തിയ സർവെപ്രകാരം കാണുന്നതു്. ഇന്ത്യയിലെ 1.27 ശതമാനം വിസ്തീർണ്ണവും 4 ശതമാനത്തിലധികം ജനസംഖ്യയുമുള്ള കേരളത്തിലെ തൊഴിലില്ലായ്മയാകട്ടെ, ഇന്ത്യയിലാകെയുള്ള തൊഴിലില്ലായ്മയുടെ 10 ശതമാനത്തോളം വരും.

കേരളത്തിലെ തൊഴിലില്ലായ്മ അതിഭീകരമാണെന്ന കാര്യത്തിൽ തർക്കം തീരെയില്ലെങ്കിലും അതേ സംബന്ധിച്ചുള്ള കണക്കുകൾ പലപ്പോഴും പരസ്പരവിരുദ്ധമാണു്. 1964-ൽ കേരളത്തിലെ ബ്യൂറോക്രാറ്റുകൾ എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് പ്രസിദ്ധീകരിച്ച കണക്കുപ്രകാരം കേരളത്തിൽ 7.60 ലക്ഷം പേർക്കു് തൊഴിലില്ലായിരുന്നു. എന്നാൽ, അതേ ബ്യൂറോക്രാറ്റുകൾ തന്നെ 1967-ൽ പ്രസിദ്ധീകരിച്ച 'വാർഷിക

സംമ്പത്തിക സർവ്വേ പ്രകാരം തൊഴിലില്ലാത്തവരുടെ എണ്ണം 5 5 ലക്ഷം ആയി കുറഞ്ഞിരിക്കുന്നു. ഈ രണ്ടു റിപ്പോർട്ടുകളുടെയും ഇടയ്ക്കുള്ള കാലയളവിലോ, അല്ലെങ്കിൽ ഈ റിപ്പോർട്ടുകൾക്കാധാരമായ അന്വേഷണങ്ങളും നടത്തിയതിന്റെ ഇടക്കാലത്തോ വമ്പിച്ച ഒരു വ്യവസായിക നവോത്ഥാനം കേരളത്തിലുണ്ടായിട്ടെയന്നു് ആരും അവകാശപ്പെട്ടതുമില്ല. പ്രധാനമായും, എംപ്ലോയമെന്റ് എക്സ്ചേഞ്ചുകളിലെ രജിസ്ട്രേഷൻ കണക്കുകളേയും ചില പ്രത്യേക സമ്പ്രദായപ്രകാരം അവയോടു കൂട്ടിച്ചേർക്കുന്ന കണക്കുകളേയും അടിസ്ഥാനമാക്കി തയ്യാറാക്കുന്ന ഈ സ്ഥിതിവിവരങ്ങളും വാസ്തവത്തിലുള്ള തൊഴിലില്ലായ്മയെ വളരെ കുറച്ചു കാണിക്കുകയാണു പതിവു്. അതു് സ്ഥിതിവിവര കണക്കുകാർതന്നെ സാധാരണ സമ്മതിക്കാറുണ്ടു്. ആ സ്ഥിതിക്കു് കടലാസ്സിലെ കണക്കുകളിലെങ്കിലും എന്താണും ലക്ഷം പേർക്കു് കൂടുതൽ തൊഴിൽ നൽകിക്കഴിയാമെന്നു് ബ്യൂറോക്കാർക്കു് തോന്നാൻ പ്രേരിപ്പിച്ച ചേതോവികാരം എന്താണോ!

1964-ൽ ബ്യൂറോ പ്രസിദ്ധീകരിച്ച കണക്കുകളും മുഖ്യമായും മൂന്നാം പഞ്ചവത്സരപദ്ധതിയേയും അതോടു ബന്ധപ്പെട്ട രേഖകളേയും ആസ്പദമാക്കിയാണു് തയ്യാറാക്കിയിട്ടുള്ളതു്. അതെന്തെ പൂർണ്ണമാണെന്ന വിശ്വാസം ആ രേഖകളുടെ കർത്താക്കൾക്കോ, എനിക്കോ ഇല്ല. എങ്കിലും, വസ്തുതയോടു കൂടുതൽ നീതി പുലർത്തുന്ന ഒന്നെന്ന നിലയിൽ അതിനെത്തന്നെ നമുക്കു് അടിസ്ഥാനമായി എടുക്കാം. ഈ കണക്കുപ്രകാരം 4·74 ലക്ഷം പുരുഷന്മാരും, 2.86 ലക്ഷം സ്ത്രീകളും ഉടനടി തൊഴിലെടുക്കാൻ സന്നദ്ധതയുള്ള 7.60 ലക്ഷം കേരളീയർക്കു് തൊഴിലില്ലായിരുന്നു. ആകെയുള്ള തൊഴിൽ സന്നദ്ധരിൽ

14 ശതമാനത്തിനു് ഈ കണക്കുപ്രകാരം തൊഴിലില്ല. 15 വയസ്സിനു താഴേയും 55 വയസ്സിനുമീതേയും പ്രായമുള്ള തൊഴിൽ സന്നദ്ധരെ ഇതിലുൾപ്പെടുത്തിയിട്ടില്ല. അങ്ങനെയുള്ളവരാകെ 1.28 ലക്ഷം പേർ വരും. അങ്ങിനെ ആകെ തൊഴിലില്ലാത്തവരുടെ എണ്ണം ഈ കണക്കുപ്രകാരംതന്നെ 8.88 ലക്ഷം ആകുന്നു.

മൂന്നാം പഞ്ചവത്സരപദ്ധതി (1961-66) യുടെ ആരംഭത്തിൽ തൊഴിലെടുക്കാൻ കഴിവുള്ള 53.74 ലക്ഷം കേരളീയരിൽ 46.14 ലക്ഷം പേർക്കേ തൊഴിലുണ്ടായിരുന്നുള്ളൂ. (അതായതു് മുകളിൽ പറഞ്ഞപ്രകാരം 7.60 പേർക്കു് തൊഴിലില്ല. 15 വയസ്സിനു് താഴേയും 55 വയസ്സിനു മേലേയും ഉള്ളവരെ ഇതിൽ കൂട്ടിയിട്ടില്ല) മൂന്നാം പദ്ധതിയുടെ അവസാനവർഷത്തിൽ തൊഴിലെടുക്കാൻ കഴിവുള്ളവരുടെ എണ്ണം 62.27 ലക്ഷമായി വർദ്ധിക്കുമെന്നാണു് കണക്കു്. മൂന്നാംപദ്ധതി പരിപൂർണ്ണമായി വിജയിക്കുകയാണെങ്കിൽ, (അതു് ഒരു നിലയിലും പരാജയപ്പെട്ടുവെന്ന സത്യം ഇരിക്കട്ടെ) 6.60 ലക്ഷം പേർക്കുകൂടി തൊഴിൽ കിട്ടിയേക്കുമെന്നായിരുന്നു കണക്കു്. ഇക്കാലത്തു് തൊഴിലെടുക്കാൻ കഴിവുള്ളവരുടെ എണ്ണം 8.53 ലക്ഷംകൂടി വർദ്ധിക്കും (അതായതു്, ആകെ 62.27 ലക്ഷം). അപ്പോഴും മൂന്നാംപദ്ധതിയുടെ അവസാനവർഷത്തിലെ തൊഴിലില്ലാത്തവരുടെ സംഖ്യ എത്ര ചുരുങ്ങിയാലും 9.53 ലക്ഷമായി വർദ്ധിച്ചിരിക്കും. 1966 മാർച്ചുമാസത്തിൽ മൂന്നാംപദ്ധതി അവസാനിക്കുമ്പോഴത്തെ നിലയാണിതു്. വർഷം രണ്ടുകൂടി കഴിഞ്ഞു. ഈ കാലത്തും തൊഴിലില്ലായ്മ വർദ്ധിച്ചുകൊണ്ടിരിക്കുകയാണു്. അപ്പോഴെങ്ങിനെപോയാലും പൂർണ്ണമായി തൊഴിലില്ലാത്തവരുടെ എണ്ണം 10 ലക്ഷത്തിൽ കുറയാൻ ഇടയില്ല.

അപൂർണ്ണമായ തൊഴിലില്ലായ്മ അനുഭവിക്കേണ്ടിവരുന്നവരുടെ എണ്ണവും ഇതുപോലെതന്നെ വളരെക്കൂടുതലാണ്. തൊഴിലുള്ളവരായി കണക്കിൽപെട്ട ആളുകളിൽ 30 ശതമാനത്തോളം പേർക്ക് ശരാശരി ആഴ്ചയിൽ 28 മണിക്കൂർമാത്രമേ പണിയുള്ളുവെന്നും ഗവേഷണങ്ങളും തെളിയിക്കുന്നു.

കുറച്ചുകൂടി മുമ്പിലത്തെ കണക്കുകളെ അടിസ്ഥാനമാക്കി 1962-ൽ പ്രസിദ്ധീകരിച്ച 'ലോകനാഥൻ റിപ്പോർട്ട്' കേരളത്തിലെ പൂർണ്ണവും അപൂർണ്ണവുമായ തൊഴിലില്ലായ്മയെ അഖിലേന്ത്യാ സ്ഥിതിഗതികളുമായി താരതമ്യപ്പെടുത്തുന്നതു് ഉചിതമാകും.

1956-ൽ ആകെ തൊഴിലില്ലാത്തവരുടെ എണ്ണം 6.6 ലക്ഷം ആയിരുന്നു. 1956-ൽ ആകെ തൊഴിലാളിസംഖ്യ 56.9 ലക്ഷം അതായതു്, ആകെ ജനസംഖ്യയുടെ 37.9 ശതമാനമാണെന്നു കണക്കാക്കാം.

ഈ സർവ്വേപ്രകാരം തെളിയുന്ന ശ്രദ്ധേയമായ വസ്തുത പ്രത്യക്ഷമായ തൊഴിലില്ലായ്മയുടെ വലുപ്പമാണ്. ആകെ ജനസംഖ്യയുടെ 4.2 ശതമാനം പ്രത്യക്ഷമായിത്തന്നെ തൊഴിലില്ലാത്തവരാണ് (3-ാം പട്ടികയിലെ 7-ാം വിഭാഗം) കാർഷികപ്രധാനമായ പിന്നോക്കസമ്പദ് വ്യവസ്ഥകളിൽ പ്രത്യക്ഷമായ തൊഴിലില്ലായ്മയേക്കാൾ സാധാരണയായി ഉയർന്നിരിക്കുന്നതു് അപൂർണ്ണമായ തൊഴിലില്ലായ്മയാണ്. ഉദാഹരണത്തിനു്, ഇന്ത്യയുടെ പരിശോധിച്ചാൽ ഗ്രാമീണ ജനസംഖ്യയുടെ 0.29 ശതമാനവും [illegible]

പ്രദേശങ്ങളിൽ 1.99 ശതമാനവും തൊഴിലില്ലാത്തവരാണ്. രണ്ടും ചേർത്ത് വെയിറ്റേജോടുകൂടി ശരാശരിയെടുത്താൽ തൊഴിലില്ലായ്മയുടെ ശതമാനം 0.58 ശതമാനം വരും. ഇതിൽനിന്നും കേരളത്തിലെ ജനസംഖ്യയിൽ പ്രത്യക്ഷമായ തൊഴിലില്ലായ്മയുടെ ശതമാനം ഇന്ത്യയുടെ മറ്റു ഭാഗങ്ങളേക്കാൾ ഏകദേശം ഏഴിരട്ടി വരുമെന്നു കാണാം.

കേരളത്തിലെ ആകെ ജനസംഖ്യയിൽ താത്കാലിക തൊഴിലാളികളുടെ അനുപാതം (3–ാം പട്ടികയിലെ 6–ാം വിഭാഗം) അപൂർണ്ണമായ തൊഴിലില്ലായ്മപ്രശ്നത്തിന്റെ വലുപ്പത്തെപ്പറ്റി നമുക്കൊരു ധാരണ തരുന്നുണ്ട്. അപൂർണ്ണമായ തൊഴിലില്ലായ്മ ഇന്ത്യയാകെ എടുത്താലുള്ളതിനേക്കാൾ വളരെക്കൂടുതലാണ് കേരളത്തിലുള്ളത്. ഈ വിഭാഗത്തിൽപ്പെട്ടവർ ഇന്ത്യയിലാകെ ജനസംഖ്യയുടെ 6 ശതമാനമാണെങ്കിൽ, കേരളത്തിൽ 9.6 ശതമാനമാണ്. അപൂർണ്ണമായ തൊഴിലില്ലായ്മയുടെ വിഭാഗത്തിൽപെട്ട ഒരു തൊഴിലാളിക്ക് ശരാശരി ആഴ്ചയിൽ 2.35 ദിവസത്തെജോലി മാത്രമേ ഉള്ളൂ. യഥാർത്ഥതിലയുടെ മുഴുവൻ രൂപവും ഈ കണക്ക് കാണിക്കുന്നില്ല. കാലാകാലങ്ങളിൽവരുന്ന വ്യത്യാസമനുസരിച്ച്, ചിലപ്പോൾ അഞ്ചുവർഷം ദിവസം തുടർച്ചയായിട്ട് തൊഴിലില്ലാതെ കഴിയുന്ന സന്ദർഭങ്ങളുണ്ട്." (പുറം 212–13)

പട്ടിക 3

കേരളത്തിലെ തൊഴിലില്ലായ്മ–1955–56

	തൊഴിൽ നില	കേവല സംഖ്യ ലക്ഷങ്ങളിൽ	ജന സംഖ്യയുടെ ശതമാനം
1.	15 വയസ്സിനു് താഴെ	62·0	39·4
2.	15 വയസ്സിനു് മേലെ	95·5	60·6
3.	വിദ്യാർത്ഥികളും	5·2	3·3
4.	പ്രായംകൊണ്ടോ മറ്റു തരത്തിലോ അവശർ	7·8	4·9
3.	പെൻഷൻകാരും പാട്ട–വാടകക്കാരും	1·2	0·8
4.	ശരിയായ തൊഴിലുള്ളവർ	29·5	18·7
5.	വീട്ടുവേലക്കാർ	30·1	19·1
6.	താല്ക്കാലിക ജോലിക്കാർ	15·2	9·6
7.	തൊഴിലന്വേഷിക്കുന്നവർ	6·6	1·2
	ആകെ ജനസംഖ്യ	157·5	100·0
	തൊഴിലാളി സംഖ്യ (4+6+7)	51·2	32·5
	7-ാം വിഭാഗം തൊഴിലാളി സംഖ്യയുടെ എത്ര ശതമാനം	6·66	12·79

4. ഇടിയുന്ന വരുമാന നിലവാരം

ബൂർഷ്വാധനശാസ്ത്രജ്ഞന്മാർ ദേശീയവരുമാനം കണക്കാക്കുന്നതിൽ ഗുരുതരമായ ഒരു തെറ്റുവരുത്താറുണ്ട്. കൃഷി, കൈത്തൊഴിൽ, വ്യവസായം തുടങ്ങി സമ്പത്തുല്പാദിപ്പിക്കുന്ന പ്രവർത്തനരംഗത്തിനു പുറമെ ഉല്പാദനക്ഷമമല്ലാത്ത "സേവനവിഭാഗ"ത്തിനും കൂടി വില കല്പിച്ച് ദേശീയവരുമാനത്തിന്റെ കൂടെ അവർ കൂട്ടുകപതിവുണ്ട്. മാർക്സിസ്റ്റ് ധനശാസ്ത്രജ്ഞന്മാർ പൊതുവെയും സോഷ്യലിസ്റ്റ് രാജ്യത്തിലെ ധനശാസ്ത്രജ്ഞന്മാർ പ്രത്യേകിച്ചും ഈ സമ്പ്രദായം അംഗീകരിക്കുന്നില്ല. അദ്ധ്യാപനം, സർക്കാർ ജോലി, ഗതാഗതപ്രവർത്തനം, വിനോദോപാരം മുതലായവ വളരെ വിദൂരമായ അർത്ഥത്തിൽ മാത്രമെ സമ്പത്തുല്പാദകമായി കണക്കാക്കികൂടൂ. കൃത്യമായി പറഞ്ഞാൽ അവയിൽ ഭൂരിഭാഗവും ഉല്പാദനമല്ല ഉപഭോഗമാണ്.

ഈ ഉപഭോഗമേഖലയും ഉല്പാദനമേഖലയും കൂട്ടികുഴച്ചാണ് ദേശീയവരുമാനവും പ്രതിശീർഷവരുമാനവും ഇന്ത്യയിലും കണക്കു കൂട്ടുന്നതു്. അതുകൊണ്ട് ആ കണക്കുകളെ തന്നെ ആശ്രയിക്കുകയല്ലാതെ നിവൃത്തിയില്ല. എങ്കിലും ഇന്ത്യൻസമ്പദ്വ്യവസ്ഥയെ കാർന്നുതിന്നുന്ന രോഗത്തേപ്പറ്റിയുള്ള സൂചന ഈ കണക്കുകളും തന്നെ തരുന്നുണ്ട്. ഇന്ത്യയിൽ ഉല്പാദകമേഖലയായ കൃഷി വ്യവസായം മുതലായവകളിൽ നിന്നുള്ള വരുമാനവിഹിതം കുറഞ്ഞുവരികയും സേവനമേഖലപെരുകിവരുകയുമാണ്. ഉല്പാദനമേഖലയേ കവച്ചുവെച്ച് മുന്നേറാനുള്ള ഉപഭോഗമേഖലയുടെ ഈ വാസന ഏഖിലേന്ത്യാതോതിനേക്കാളും കൂടുതലായി കേരളത്തിൽ പ്രത്യക്ഷപ്പെടുന്നുവെന്നുള്ളതു് രോഗം കേരളത്തേ കൂടുതൽ ബാധിച്ചിരിക്കുന്നു

എന്ന വസ്തുത തെളിയിക്കുന്നു. 4–ാം പട്ടികയും 5–ാം പട്ടികയും പരിശോധിക്കുക.

പട്ടിക 4.

ഉത്ഭവസ്ഥാനത്തെ അടിസ്ഥാനമാക്കി അറ ഉല്പന്നത്തിന്റെ ശതമാനവീതം

മേഖല	കേരളം		ഇന്ത്യ	
	1950–51	1964–65	1950–51	1964–65
1 കൃഷിയും മറ്റും	54·5	49·6	48·9	43·1
2 ഖനനവും വ്യവസായവും	16.2	14·2	16·7	16·7
3. 1·ം 2·ം ചേർന്നു്	70·7	63·8	65·6	59·8
4. സേവനം	29·3	36·2	34·4	40·2
5. ആകെ അറ ഉല്പന്നം	100·0	100·0	100·0	100·0

സ്ഥിരവിലനിലവാരപ്രകാരം 1950–ൽ കാർഷികമേഖല കേരളത്തിലെ സംസ്ഥാനവരുമാനത്തിനു് 51.5% സംഭാവന ചെയ്തതു് 1964–65–ൽ 49.6% ആയികുറഞ്ഞു. വ്യവസായത്തിന്റെയും ഖനനത്തിന്റേയും വിഹിതമാകട്ടെ ഈ കാലയളവിൽ 16.2 ൽ നിന്നു് 14.2 ശതമാനമായി കുറഞ്ഞു.

സേവന വിഭാഗത്തിന്റെ വിഹിതം 23.3-ൽ നിന്നും 36.2 ആയി ഉയരുകയും ചെയ്തു. ഇന്ത്യയിലാകെയും ഈ പ്രവണത കാണുന്നുണ്ടെങ്കിലും അതിന്റെ തോതു് കേരളത്തിന്റെതിനെക്കാൾ താഴെയാണെന്നും കണക്കുകൾ കാണിക്കുന്നു.

മേഖല തിരിച്ചുള്ള അറോല്പന്നത്തിന്റെ (അഥവാ വരുമാനത്തിന്റെ) വാർഷിക വർദ്ധന പരിശോധിച്ചാൽ ഈ വസ്തുത കൂടുതൽ വ്യക്തമാകും. 1950-51-മുതൽ 1964-65 വരെയുള്ള കാലയളവിലെ വർദ്ധനവു് 5-ാം പട്ടികയിൽ കൊടുത്തിരിക്കുന്നു. സമകാല വിലനിരക്കിലും സ്ഥിര വിലനിരക്കിലും ഉള്ള ശതമാനങ്ങളും കൊടുത്തിട്ടുണ്ടു്.

പട്ടിക 5

മേഖല തിരിച്ചു് വാർഷിക വളർച്ചയുടെ ശതമാന തോതു്.

മേഖല	കേരളം		ഇന്ത്യ	
	സമകാലവില	സ്ഥിരവില	സമകാലവില	സ്ഥിരവില
1. കൃഷിയും മറ്റും	9.7	2.7	9.9	2.9
2. ഖനനം വ്യവസായം	5.4	2.4	7.9	3.9
3. സേവനം	8.3	4.9	6.5	5.1
4. അറോല്പന്നം	8.6	3.4	8.4	3.9

രസകരവും അത്ഭുതാവഹവുമായ ഒരു കണക്കാണിതു്. കൃഷിയിലും വ്യവസായത്തിലും നിന്നുള്ള വരുമാനം അഖിലേന്ത്യാതോതിനേക്കാൾ കേരളത്തിൽ കുറഞ്ഞിട്ടും സേവന മേഖലയുടെ കടന്നുകയറ്റംകൊണ്ടു് സമകാലവില നിരക്കിലുള്ള കേരളത്തിലെ ആഭ്യന്തരവർദ്ധന ഇന്ത്യയിലേക്കാൾ 0.2 ശതമാനംകൂടുതലാണു്. എന്നാൽ സ്ഥിരവിലനിരക്കനുസരിച്ചു് എന്നിട്ടും 0.5 ശതമാനം കുറവാണു്. സ്ഥിരവിലനിരക്കനുസരിച്ചു് ആഭ്യന്തരശരാശരിയേക്കാൾ കൂടിയിരിക്കുന്ന വസ്തുത ഇന്ത്യൻ വിലനിലവാരത്തേക്കാൾ കൂടുതലാണു് കേരളത്തിലെ വിലനിലവാരത്തിന്റെ കൃതിച്ചുകയറ്റമെന്നു് തെളിയിക്കുന്നു. കൃഷിയിലും വ്യവസായത്തിലും പിന്നോട്ടടിയാണെങ്കിലും, സർക്കാർ ജീവനക്കാരുടെയും അതുപോലുള്ളവരുടെയും എണ്ണവും അവരുടെ ശമ്പളബത്ത നിരക്കുകളും വളരെ കൂടിയതുകാരണം, ആഭ്യന്തര സംഖ്യയും കൃത്രിമമായി വീർത്തിരിക്കുന്നു എന്നാണു് പരുക്കൻഭാഷയിൽ പറഞ്ഞാൽ ഇതിന്റെ ലളിതമായ അർത്ഥം. ഉപഭോഗപ്രധാനമായ സേവനമേഖല മുഴുവൻ വിവേചനംകൂടാതെ ഉല്പാദനമേഖലകളോടു കൂട്ടിക്കുഴച്ചു് ദേശീയവരുമാനം കണക്കാക്കുന്ന ബൂർഷ്വാസാമ്പത്തികശാസ്ത്രസമ്പ്രദായത്തിന്റെ വൈകല്യവും ഇതിൽനിന്നു് സ്പഷ്ടമാകുന്നു.

ഏതായാലും ഈ അപര്യാപ്തമായ കണക്കുകൊണ്ടും മറച്ചുവെക്കായാവാത്ത ഒരു സത്യമുണ്ടു്. പദ്ധതിക്കാലത്തു് കേരളത്തിലെ യഥാർത്ഥ വരുമാന വർദ്ധനവു് ഇന്ത്യൻ തോതിനേക്കാൾ വളരെ താഴെയാണു്. വ്യവസായമേഖലയിൽ പ്രത്യേകിച്ചും. ഇന്ത്യൻ വ്യാവസായിക മേഖലയുടെ വളർച്ചയുടെ വാർഷികശതമാനം 3 9 ആയിരുന്നുവെങ്കിൽ കേരളത്തിന്റേതു് വെറും 2.1 ശതമാനമാത്രം.

ഈ വളർച്ച കേരളത്തിലെ ഗ്രാമതരമായ ജനസാന്ദ്രതയുടേയും തൊഴിലില്ലായ്മയുടേയും പിന്നോക്കാവസ്ഥയുടെയും പശ്ചാത്തലത്തിൽ എത്രമാത്രം അപര്യാപ്തമാണെന്നു് ഒരോ വ്യക്തിക്കുമുള്ള ശരാശരിവരുമാന വിഹിതം (പ്രതിശീർഷവരുമാനം) പരിശോധിച്ചാൽ കൂടുതൽ വ്യക്തമാവും. ഇന്ത്യയിലാകെയുള്ള പ്രതിശീർഷവരുമാനത്തേക്കാൾ കുറവാണു് കേരളത്തിലേതെന്നു് കാണാൻ 6–ാം പട്ടിക നോക്കുക.

പട്ടിക 6

പ്രതിശീർഷവരുമാന വ്യത്യാസം : രൂപാ കണക്കു്.

വർഷം	സ്ഥിരവിലനിലവാരം			സമകാലവില നിലവാരം		
	ഇന്ത്യ	കേരളം	വ്യത്യാസം	ഇന്ത്യ	കേരളം	വ്യത്യാസം
1950-51	275.00	248.95	26.05	....	....	....
1955-56	299.00	263.63	35.37	266.50	214.75	51.75
1960-61	326.00	275.96	50.04	326.00	275.96	50.04
1964-65	348.00	290.68	58.32	426.30	369.58	57.72

1960–61–ലെ വിലയിരക്കനുസരിച്ചു് 1950–51 ലെ ഇന്ത്യൻ പ്രതിശീർഷവരുമാനം 275.00 രൂപയായിരുന്നു

പ്പോൾ കേരളത്തിലേതു് 248.95 രൂപയായിരുന്നു. അതായതു് 26.05 രൂപാകുറവു്. ഒരോപദ്ധതിയും പൂത്തീകരിക്കുന്നതോടെ ഈ വിടവു് കുറയുകയല്ല വർദ്ധിക്കുകയാണു് ചെയ്യുന്നതു്. അങ്ങിനെ 1964–65–ൽ ഈ വിടവു് 58.32 രൂപയായി വർദ്ധിച്ചു. എന്നാൽ വർത്തമാനകാല വിലനിരക്കനുസരിച്ചു് ഈ വിടവു് 57.72 രൂപയായിരുന്നു. ഈ വ്യത്യാസത്തിനു കാരണം ഇന്ത്യൻ നിലവാരത്തേക്കാൾ ഉയർന്ന കേരളത്തിലെ വിലനിലവാരമാണു്. വരുമാനത്തിനാധാരമായ അറോല്പന്നത്തിലെ വില അതനുസരിച്ചു് കൂട്ടി കണക്കാക്കിയതിന്റെ ഫലം.

കേരളത്തിലെ ബ്യൂറോക്കാരുടെ കണക്കിൽനിന്നും അല്പം വ്യത്യസ്തമാണു് പ്രയോഗിക സാമ്പത്തിക ഗവേഷണത്തിനുള്ള ദേശീയ കൗൺസിലിന്റെ (National Council for Applied Economic Research) കണക്കു്. പക്ഷേ അതും നമ്മുടെ പ്രധാന നിഗമനങ്ങളെ ഉറപ്പിക്കുന്നതേയുള്ളൂ. 1960–61-ലെ സംസ്ഥാനം തിരിച്ചുള്ള പ്രതിശീർഷവരുമാനത്തിന്റെ കണക്കു് 7-ാംപട്ടികയിൽ ചേർക്കുന്നു. (20ാം–പേജിൽ)

ഈ കണക്കുപ്രകാരവും അഖിലേന്ത്യാപ്രതിശീർഷവരുമാനത്തിനെക്കാൾ വളരെ താഴെയാണു് കേരളം എന്നു കാണാം. അഞ്ചുസംസ്ഥാനങ്ങൾ അഖിലേന്ത്യാനിരക്കിനേക്കാൾ ഉയർന്നു നില്ക്കുന്നു. മദിരാശിയും ആന്ധ്രയും മറ്റും അതിനു തൊട്ടുതാഴെയുണ്ടു്. കുറേൻ കൂത്തകകളുടെ കേന്ദ്രങ്ങളായ നാലഞ്ചുസംസ്ഥാനങ്ങളാണു് ഇപ്പോഴും മറ്റു ഭാഗങ്ങളേക്കാൾ ത്വരിതമായി വളർന്നുകൊണ്ടിരിക്കുന്നതു് എന്നും ഈ പദ്ധതിക്കാലത്തെ ആനുകൂല്യ

പട്ടിക 7

സംസ്ഥാനം തിരിച്ചുള്ള പ്രതിശീർഷവരുമാനം.

മുൻഗണനാ ക്രമം	സംസ്ഥാനം	പ്രതിശീർഷ വരുമാനം രൂപാ	ശതമാന സൂചക സംഖ്യ
1	ഡൽഹി	871·61	260·5
2	മഹാരാഷ്ട്രം	463·54	140·0
3	പ. ബങ്കാളം	464·31	138·9
4	പഞ്ചാബ്	451·31	134.9
5	ഗുജറാത്ത്	393·39	117·6
	അഖിലേന്ത്യ	334·54	100·0
6	മദിരാശി	334·09	99·9
7	ആസാം	333·34	99·6
8	ത്രിപുര	329·86	98·6
9	ഹിമാചലപ്രദേശം	328·35	98·1
10	കേരളം	314·86	94·1
11	മൈസൂർ	304·71	91·1
12	ഉത്തരപ്രദേശം	297·35	88·9
13	ജമ്മു–കാഷ്മീർ	289·02	86·4
14	ആന്ധ്ര	287·01	85·8
15	മധ്യപ്രദേശം	285·35	85·3
16	ഒറിസ	276·22	82·6
17	രാജസ്ഥാൻ	267·43	79·9
18	ബീഹാർ	220·69	66·0

ങ്ങളെല്ലാം സിംഹഭാഗവും അവർക്കാണ് കിട്ടിയതെന്നും പിന്നാലെ വിവരിക്കാം. ഈ കുത്തകകേന്ദ്രങ്ങളെ വളർത്തി പിന്നോക്ക പ്രദേശങ്ങളെ പിന്നോട്ട് തള്ളുകയാണ് കോൺഗ്രസ്സിന്റെ പദ്ധതികളും മുതലാളിത്ത വികസനമാർഗ്ഗവും ചെയ്യുന്നത് എന്ന് വസ്തുതകളെ വ്യക്തമാക്കും.

അപ്പോൾ ഒരു ചോദ്യം ചോദിച്ചേക്കാം. കേരളത്തിന്റെ പ്രതിശീർഷവരുമാനത്തേക്കാൾ കുറഞ്ഞപ്രദേശങ്ങളുമുണ്ടല്ലോ എന്ന്. ശരിയാണ്. എന്നാൽ ഈ പിന്നോക്കപ്രദേശങ്ങളുടെ വികസനത്തിന്റെ തോത് കേരളത്തേക്കാൾ വളരെ കൂടുതലാണെന്നും അഖിലേന്ത്യാനിലവാരവും ഈ പിന്നോക്കസംസ്ഥാനങ്ങളുടെ നിലവാരവും തമ്മിലുള്ള വ്യത്യാസം കുറക്കാനുള്ള കൂടുതൽ സഹായങ്ങളും കേരളത്തേക്കാൾ അവർക്ക് ലഭിക്കുന്നുണ്ടെന്നും പിന്നാലെ ഞാൻ തെളിയിക്കുന്നതാണ്.

5. വ്യവസായിക വികസനം

വ്യവസായികമായി വിവിധസംസ്ഥാനങ്ങളുടെ നിലമനസ്സിലാക്കാൻ ഓരോ സംസ്ഥാനവും ഇന്ത്യയുടെ മൊത്തം വ്യാവസായികോല്പന്ന നിധിയിലേക്ക് ചെയ്യുന്ന സംഭാവന എത്രയെന്ന് പരിശോധിച്ചാൽ മതി അതും അതാതു സംസ്ഥാനങ്ങളിലെ ജനസംഖ്യാ ശതമാനവുമായി താരതമ്യപ്പെടുത്തണം. ജനസാന്ദ്രമെതലായി സാമ്പത്തികനിലയുടെ യഥാർത്ഥരൂപം മനസ്സിലാക്കാൻ കഴിയുന്ന ഘടകങ്ങളും കൂടി കണക്കിലെടുത്താൻ ചിത്രം പൂർത്തിയാവും. പക്ഷെ അപ്രകാരം കണക്കെടുക്കുക അത്ര എളുപ്പമല്ല, മറ്റാരും ചെയ്തിട്ടുമില്ല അതുകൊണ്ട് ഏറ്റവും ജനസാന്ദ്രത കൂടിയ സംസ്ഥാനമെന്ന നിലയിൽ വർദ്ധമാനമായ വ്യവസായവൽക്കരണം വേണ്ട സംസ്ഥാന

മാണ്ം കേരളം എന്ന കാര്യംകൂടി മനസ്സിൽവെച്ചു കൊണ്ട്ം7–ാം പട്ടിക പഠിക്കുക. 1960–ലെ വില നിരക്കും 1961–ലെ ജന സംഖ്യയും അനുസരിച്ചാണ്ം ഈ പട്ടിക തയ്യാറാക്കിയിട്ടുള്ളത്ം.

പട്ടിക 8

അറവ്യാവസായികോല്പന്നവീതം

സംസ്ഥാനം തിരിച്ച്ം.

സംസ്ഥാനം	ജനസംഖ്യാ വീതം %	ഉല്പന്നവീതം % 1951	ഉല്പന്നവീതം % 1964
1. മഹാരാഷ്ട്രം	9·05	23·77	26·38
2. പ. ബങ്കാളം	8·03	19·72	18·58
3. ഗുജറാത്ത്ം	4·75	10·97	8·74
4. മദിരാശി	7·49	8 69	7·74
5. ബീഹാർ	10·54	8·09	5·97
6. ഉ. പ്രദേശം	16·69	6·72	6·58
7. മൈസൂർ	5·35	4·68	8·03
8. ആസാം	2·75	3·32	2·45
9. കേരളം	3·86	3·29	2·08
10. ആന്ധ്ര	8·07	2·68	2·73
11. മധ്യപ്രദേശം	7·39	2·64	2·65
12. പഞ്ചാബ്ം	4·73	2·17	3·23
13. രാജസ്ഥാൻ	4·66	0·93	0·98
14. ഒറീസ	3·97	0·37	1·68
മറ്റുള്ളവ	1·87	,,	,,

ഈ കണക്കുകൾ കാണിക്കുന്നതെന്തിനെയാണ്? ഇന്ത്യയിലെ 9.05 ശതമാനം ജനസംഖ്യ മാത്രമുള്ള മഹാരാഷ്ട്രത്തിനു് 1951-ൽ ആകെ ഉല്പന്നത്തിന്റെ 23.77 ശതമാനം ഉല്പാദിപ്പിക്കാൻ കഴിഞ്ഞു എന്നു മാത്രമല്ല 15 വർഷംകൊണ്ടു് 26.38 ശതമാനമായി അതു വർദ്ധിപ്പിക്കാനും കഴിഞ്ഞു.

1951-ൽ മഹാരാഷ്ട്രവും ഗുജറാത്തും ബങ്കാളും ഇന്ത്യയിലെ വ്യാവസായികോല്പന്നത്തിന്റെ 54.5 ശതമാനത്തിന്റെ അവകാശികളായി, 15 കൊല്ലത്തെ ആസൂത്രണത്തിനു ശേഷവും തങ്ങളുടെ വ്യവസായിക മേധാവിത്വം പുലർത്താൻ ഈ സംസ്ഥാനങ്ങൾക്കു് കഴിഞ്ഞു. ബങ്കാളിന്റെയും ഗുജറാത്തിന്റെയും ശതമാനത്തിൽ അല്പം കുറവുണ്ടെങ്കിലും മൊത്തോല്പാദനം വളരെ മികച്ചാണു് നില്ക്കുന്നതു് എന്നു കാണാം.

എന്നാൽ കേരളത്തിന്റെതു് ജനസംഖ്യയുമായി തട്ടിച്ചു നോക്കുമ്പോൾ കുറവാണെന്നു മാത്രമല്ല ശതമാനവിതം തന്നെ കുറയുകയും ചെയ്തു. 1951-ൽ തന്നെ കേരളത്തേക്കാൾ മോശമായിരുന്ന ചില സംസ്ഥാനങ്ങളുണ്ടു്. ആന്ധ്ര, മധ്യപ്രദേശം, പഞ്ചാബു്, രാജസ്ഥാൻ, ഒറീസ എന്നിവയാണു് കേരളത്തേക്കാൾ താഴ്ന്നു് നില്ക്കുന്നതു്. ഈ സംസ്ഥാനങ്ങളുടെ പിന്നോക്കാവസ്ഥ പൂർണ്ണമായും അന്തിമമായും പരിഹരിക്കാൻ പഞ്ചവത്സരപദ്ധതികൾ ഉതകിയിട്ടുണ്ടെന്നു് ഞാൻ പറയുകയില്ല. മുതലാളിത്തവികസനമാർഗവും അതിന്റെ ഫലമായ കുത്തകവളർച്ചയും നിലനില്ക്കുന്നിടത്തോളം കാലം ഈ പ്രദേശിക അസമത്വം അവസാനിക്കുകയുമില്ല. എങ്കിലും ഈ പതിനഞ്ചു വർഷക്കാലത്തെ പദ്ധതിക്കാലത്തു് ഈ പിന്നോക്ക സംസ്ഥാനങ്ങളുടെ നില അഭിവൃദ്ധിപ്പെടുത്താൻ ചില നടപടികളെ-

കിലും എട്ടത്തിട്ടുണ്ട്. അതിന്റെ ഫലമായി അഖിലേന്ത്യാ വ്യാവസായികവികസനത്തോതിനേക്കാൾ വർദ്ധിച്ചതോതിൽ ഈ സംസ്ഥാനങ്ങളും വളർന്നുവെന്നും, കേരളത്തിന്റെ നില ഏറ്റവും താഴെയാണെന്നും കണക്കുകൾ കാണിക്കുന്നു. 9-ാം പട്ടികയിൽ രണ്ടു് അടിസ്ഥാനത്തിൽ വ്യാവസായിക വളർച്ചയുടെ വാർഷികശതമാനം കണക്കാക്കിയിരിക്കുന്നു. രണ്ടും തമ്മിൽ ഇഷ്ടൽ ഭേദങ്ങളൊന്നുമില്ല. അതുകൊണ്ടു് ഈ കണക്കുകൾ വളരെ പാളിയിട്ടില്ലെന്നു് ഇതു് തയ്യാറാക്കിയ എ. ജി. മജുംദാർ പറയുന്നു. 9-ാംപട്ടിക (25-ംപേജിൽ)

എട്ടാം പട്ടികയിൽ ഏറ്റവും താഴെയായിരുന്ന ഒറീസ ഒമ്പതാംപട്ടികയിൽ ഒന്നാം സ്ഥാനത്തെത്തിയിരിക്കുന്നു. ഒറീസയുടെകൂടെ പഞ്ചാബും രാജസ്ഥാനും ആന്ധ്രയും വ്യവസായവികസനം തോതു് വർദ്ധിപ്പിച്ചു മുന്നേറുന്നതായി കാണാം. മുമ്പുതന്നെ മുന്നോക്കം നിന്നിരുന്ന മഹാരാഷ്ട്രവും മൈസൂരും ഈ സംസ്ഥാനങ്ങളോടൊപ്പം അഖിലേന്ത്യാവികസന വേഗതയെ കടത്തിവെട്ടിയിരിക്കുന്നു. കേരളമോ, ഏറ്റവും അവസാനത്തെ അധഃകൃതസംസ്ഥാനം. ആസൂത്രിത വികസനത്തിന്റെ ഓണം വന്നാലും ഘനവ്യവസായങ്ങളായ ഉണ്ണി പിറന്നാലും കേരളത്തിനു് കുമ്പിളിൽ തന്നെ കഞ്ഞിയെന്നു കാണാൻ വേറെ കണക്കു വേണമോ?

മറ്റൊരുവീക്ഷണത്തിൽ ഈ സ്ഥിതി തന്നെ വിവരിക്കാം. മൂന്നു പദ്ധതിക്കാലത്തു് ആദ്യപദ്ധതിയിൽ 6·0-ം രണ്ടിൽ 7.4-ം മൂന്നിൽ 9.0-ം ശതമാനക്കണക്കിൽ അഖിലേന്ത്യാ വ്യവസായികവികസനം നടന്നപ്പോൾ കേരളത്തിലേതു് 3.8 ശതമാനത്തിൽ നിന്നു് 3 2 ആയി കുറയുകയാണു് ചെയ്തതു്.

പട്ടിക 9

വാർഷികവ്യവസായിക വളർച്ചയുടെ ശതമാനം
കാലയളവ് 1951–64.

ക്രമസംഖ്യാ ക്രമം	സംസ്ഥാനം	വാർഷിക വ്യാവസായിക വികസന ശതമാനം	
		ഇനം 1	ഇനം 2
1	ഹരിയാന	19·4	20·6
2	പഞ്ചാബ്	10·9	10·8
3	മൈസൂർ	10·8	12.0
4	മഹാരാഷ്ട്രം	8·4	8·3
5	രാജസ്ഥാൻ	8·2	7.9
6	ആന്ധ്രാപ്രദേശ്	7·8	7·6
	അഖിലേന്ത്യ	7·4	7·4
7	പ. ബംഗാൾ	7·3	7·0
8	മധ്യപ്രദേശ്	7·2	7·5
9	ഉത്തരപ്രദേശ്	7·0	7·2
10	മദ്രാശി	6·8	6·5
11	ബീഹാർ	5·4	5·0
12	ഗുജറാത്ത്	5·3	5.6
13	ആസാം	4·7	5·0
14	കേരളം	4·0	3·8

പട്ടിക 10

സംസ്ഥാനവ്യവസായിക വളർച്ച വാർഷിക ശതമാനം

മുൻഗണനാക്രമം	സംസ്ഥാനം	പദ്ധതി I	പദ്ധതി II	പദ്ധതി III
1	ഒറീസ	12·9	16·2	35·1
2	മൈസൂർ	8.8	8·3	20.3
3	രാജസ്ഥാൻ	1·4	10·8	11·1
4	മധ്യപ്രദേശം	7·2	5·2	10·7
5	പഞ്ചാബ്	8.4	13·6	9·7
	അഖിലേന്ത്യാ	6·0	7·4	9 0
6	മഹാരാഷ്ട്രം	7·4	8·7	8·8
7	ഗുജറാത്ത്	4·2	4·5	8·4
8	ആന്ധ്ര	7.5	7·7	7·7
9	പ: ബങ്കാളം	6·4	7·0	7·6
10	ആസ്സാം	4·7	3·4	7·4
11	ബീഹാർ	0·9	6·4	7·4
12	ഉ. പ്രദേശം	6·0	8·3	7.1
13	മദിരാശി	5·7	7 1	6·5
14	കേരളം	3·8	4·2	3·2

എന്നു് 10–ാം പട്ടികയിൽ നിന്നു് കാണാം. ഒന്നാം പഞ്ചവത്സരപദ്ധതിയിലെ അവസാനത്തെ നാലുവർഷവും മൂന്നാം പഞ്ചവത്സരപദ്ധതിയിലെ ആദ്യത്തെ നാലുവർഷവും ആണു് കണക്കിൽ പെട്ടിരിക്കുന്നതു്. ഈ കുറവു് കണക്കിനുണ്ടെങ്കിലും പ്രധാന പ്രവണത മാസ്സീലാക്കാൻ ഇതു കൊണ്ടു കഴിയും. മൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്തെ വികസനത്തോതു് എടുത്താണു, മുൻഗണനാക്രമം നിശ്ചയിച്ചിട്ടുള്ളതു്. പാന്നോക്കം നിന്ന പല സംസ്ഥാനങ്ങളും അഖിലേന്ത്യാ തോതിനേക്കാൾ വലിയ വികസന ശതമാനം നേടിയപ്പോൾ കേരളത്തിലേതു് ഏറ്റവും അവസാനത്തെ സ്ഥാനമാണെന്നു മാത്രമല്ല, തോതു് അധഃപതിക്കുകയും ചെയ്തു എന്നു് 10–ാം പട്ടികയിൽ നിന്നു കാണാം. (പട്ടിക 26–ാംപേജിൽ)

6. കുത്തകകളെ വളർത്തുന്ന കേന്ദ്രനയം

മേൽ വിവരിച്ചപോലെ അസമമായ വളർച്ചയും പിന്നോക്കപ്രദേശങ്ങളിൽ കൂടുതൽ പിന്നോട്ടടിക്കാനും മുന്നോക്കപ്രദേശങ്ങളിൽ കൂടുതൽ മുന്നേറാനും കാരണമെന്തു്? ഇന്ത്യയിലെ 20 വൻകിട കുത്തകകുടുംബങ്ങളെ തടിപ്പിക്കുക എന്ന കേന്ദ്രഗവൺമെണ്ടിന്റെയും ആസൂത്രണകമ്മീഷന്റെയും നയമാണിതിനുകാരണം. പൊതുമേഖലാ വികസനത്തെപ്പറ്റിയും സോഷ്യലിസ്റ്റ് സമ്പ്രദായത്തിലുള്ള സാമൂഹ്യവ്യവസ്ഥ കെട്ടിപ്പടുക്കുന്നതിനെപ്പറ്റിയും മറവു് പൊള്ളപ്രചരണം നടത്തുന്ന കോൺഗ്രസ്സു് കക്ഷിയുടെയും ഗവൺമെണ്ടിന്റെയും നയംകൊണ്ടു് ഈ ആസൂത്രണകാലഘട്ടത്തിൽ കുത്തകകളുടെ കൈത്തഴപ്പു

സ്വാധീനവും വളരുകയായിരുന്നുവെന്നും ഈ വിഷയത്തെപ്പറ്റി ഗവേഷണം നടത്തിയ എല്ലാവരും ഒരുപോലെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഭൂസൂത്രണകമ്മീഷന്റെ ആഭിമുഖ്യത്തിൽ ഡോ. ആർ. കെ. ഹസാരി നടത്തിയ പഠനവും കേന്ദ്ര ഗവൺമെണ്ട് നിയമിച്ച കുത്തക കമ്മീഷന്റെ റിപ്പോർട്ടും കമ്പനി നിയമ ഭേദഗതിവകുപ്പ് കാലാകാലങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്ന റിപ്പോർട്ടുകളും ഇക്കാര്യം ആവർത്തിച്ച് വെളിപ്പെടുത്തുന്നു.

ഈ പ്രവണത ഇന്ത്യൻ കമ്മ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടിയുടെ പരിപാടിയിൽ ചൂണ്ടിക്കാണിച്ചിരുന്നു:

> "പഞ്ചവത്സരപദ്ധതികളിൽ കൂടിയും പൊതുമേഖല കെട്ടിപ്പടുക്കുന്നതിൽ കൂടിയും ഭരണകൂടത്തിലെ വൻകിട ബൂർഷ്വാ നേതൃത്വം നടപ്പാക്കുന്ന മൂലധനാധിഷ്ഠിത വ്യവസായവൽക്കരണം ഇന്ത്യയിൽ വിലകുറഞ്ഞു കിടക്കുന്ന അധ്വാനശക്തിയും മറ്റു അസംസ്കൃത വിഭവങ്ങളും ചൂഷണം ചെയ്യുകയും, ഇന്ത്യയിലെ വൻകിട വ്യവസായികളുടെ വളർച്ചയ്ക്കും അതോടൊപ്പം വിദേശകുത്തകകളുടെ കൊള്ളയിലനിത്തുന്നതിലേക്കും വഴിതെളിയിക്കുന്നു" (ഖണ്ഡിക 25)

ഇതു കാരണം ഇന്ത്യൻ സാമ്പത്തികവ്യവസ്ഥയിലെ അസമമായ വളർച്ചയും, വികാസവൈകൃതവും, പാർട്ടി പരിപാടി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ കുത്തകകളുടെയും കുത്തക പ്രദേശങ്ങളുടെയും വളർച്ചയിൽ സാധാരണക്കാർ മാത്രമല്ല ഇടത്തരം വ്യവസായികളും വ്യാപാരികളും അസ്വസ്ഥരാണെന്നും അതിൽ പ്രസ്താവിച്ചിട്ടുണ്ട്.

1951–ൽ അംഗീകരിച്ച പാർട്ടി പരിപാടിയിലെ ഈ വിമർശനം ശരിയാണെന്നു് 1965–ൽ പ്രസിദ്ധീകരിക്കപ്പെട്ട കുത്തകകമീഷൻ റിപ്പോർട്ടും 1966–ൽ പ്രസിദ്ധീകരിക്കപ്പെട്ട ഹസാരി റിപ്പോർട്ടും സമർത്ഥിക്കുന്നു. 1951 മുതൽ 1958 വരെയുള്ള സാമ്പത്തിക പ്രവണതകളാണു് ഡാ: ഹസാരി അപഗ്രഥിക്കുന്നതു്. ഈ കാലയളവിൽ 20 കുത്തക കുടുംബങ്ങളും കുത്തകാർജ്ജിച്ചു് വലുതായിട്ടുണ്ടെന്നു് ഹസാരി ചൂണ്ടിക്കാട്ടുന്നു. അവയിൽ തന്നെ ഏറ്റവും വലിയ നാലു കുത്തകഗ്രൂപ്പുകളുടെ വളർച്ചകളുടെ കണക്കു് 11–ാം പട്ടിക കാണുക.

പട്ടിക 11

നാലു ക്രോസ്സ്കുത്തകകളുടെ വളർച്ച

	1951		1958	
	കോടി ക.	%	കോടി ക.	%
ടാറ്റാ	105·23	7·54	287·22	10·74
ബിർള	62·55	4·48	143·44	5·36
മാർട്ടിൻബേൺ	39·25	2·81	89·90	3·36
ഡാൽമിയ–ജയിൻ	29·70	2·12	71·58	2·68
ആകെ	236·73	16·95	591·14	22·14

ഇതിൽ 1–ം 3–ം കോളത്തിലെ തുകകളും ഈ കമ്പനികൾക്ക് ഭൂരിപക്ഷം ഓഹരിയുള്ള പബ്ലിക്ക് ലിമിറ്റഡ് കമ്പനികളിലെ മൊത്തം മൂലധനവും രണ്ടും നാലും കോളത്തിലെ സംഖ്യകളും ഇന്ത്യയിലെ ഗവണ്മെണ്ടിതര പബ്ലിക്ക് കമ്പനികളിലെ ആകെ മൂലധനത്തിന്റെ ശതമാനത്തോതുമാണ്.

ഇന്ത്യയിലെ സ്വകാര്യപബ്ലിക്ക് ലിമിറ്റഡ് കമ്പനികളിൽ ഈ കമ്പനികൾക്കുള്ള മൊത്തം മൂലധനം 236.73 കോടി രൂപയിൽ നിന്നും 591.14 കോടി രൂപയായി വർദ്ധിച്ചു. അതനുസരിച്ച് സ്വകാര്യ മേഖലയിൽ അവരുടെ മൂലധനശതമാനം 16.95–ൽ നിന്നും 22.14 ആയി വർദ്ധിച്ചു. ഇതു പ്രൈവറ്റ് ലിമിറ്റഡ് കമ്പനികളിലെ കണക്കുകൂടാതെയാണ്. പരിശോധിക്കപ്പെട്ട കാലയളവാകട്ടെ ആസൂത്രിത വികസനത്തിന്റെ ആദ്യത്തെ പകുതിയായ 7 വർഷവും. ഈ വളർച്ച അനുസ്യൂതമായി പിന്നെയും തുടർന്നുകൊണ്ടിരുന്നു എന്നു കൂടി കാണണം. മൂന്നാം പദ്ധതിക്കാലത്തു് സ്വകാര്യ മേഖലയുടെ പൊതുവേയും കുത്തകകളുടെ പ്രത്യേകിച്ചും ഉള്ള വളർച്ച മുൻകാലയളവിനേക്കാളും വളരെ ത്വരിതഗതിയിലായിരുന്നു എന്നതാണ് സ്ഥിതിവിവരക്കണക്കുകൾ തെളിയിക്കുന്ന യാഥാർത്ഥ്യം.

ഈ ഏതാനും കുത്തകകുടുംബങ്ങളും ഗ്രൂപ്പുകളും ഇന്ത്യയുടെ ഭൂരിഭാഗം പിന്നോക്കപ്രദേശങ്ങളുടേയും ഇടത്തരം വ്യവസായികളും വ്യാപാരികളും ഉൾപ്പടേയുള്ള കീഴേക്കിടക്കാരുടെയും

ചെലവിൻ തടിച്ചുകൊഴുത്തു വരുന്നതിന്റെ മറ്റൊരു ദൃശ്യം മാത്രമാണു് ചില മുന്നോക്കസംസ്ഥാനങ്ങളുടെ വളർച്ചയിൽ കാണുന്നതു്, ഈ കണക്കുകളുടെ കേന്ദ്രങ്ങളായ സംസ്ഥാനങ്ങളാണു് പുരോഗമിച്ചതു്. 8–ം 9–ം 10–ാം പട്ടിക നോക്കുക.

കേന്ദ്രഗവമ്മെണ്ടിൽ നിക്ഷിപ്തമായിട്ടുള്ള അനവധി അധികാരങ്ങളും ഉപയോഗപ്പെടുത്തിയാണു് ഈ അസമമായ വളർച്ചവരുത്തിത്തീർത്തതു്. കേന്ദ്രഗവണ്മെൻറും അതിന്റെ അധിനതയിലുള്ള ആസൂത്രണകമീഷനും ആണു് ഇന്ന ഇന്ന വ്യവസായങ്ങളും ഇന്നയിന്ന സംസ്ഥാനങ്ങളിലാണു് വേണ്ടതു് എന്നു് തീരുമാനിക്കുന്നതു്. ഒന്നും രണ്ടും മൂന്നും പദ്ധതികളിൽ കേരളത്തിനു് നീക്കിവെച്ച വിഹിതം വളരെ അപര്യാപ്തമായിരുന്നു എന്ന വസ്തുത കുപ്രസിദ്ധമാണു് ഒന്നാംപദ്ധതിയിൽ ഒറ്റ കേന്ദ്രപദ്ധതിവ്യവസായംപോലും കേരളത്തിനു് നീക്കിവെച്ചില്ല. രണ്ടാംപദ്ധതിയിലാകട്ടെ വെറും 76 ലക്ഷം രൂപയാണു് കേന്ദ്രപദ്ധതികൾക്കായി കേരളത്തിനു് മാറ്റിവെച്ചതു്. അങ്ങിനെ ഒരു മൂട്ടപ്പൊടി ഫാക്ടറിമാത്രമാണു് കേന്ദ്രത്തിന്റെ ആനുകൂല്യം കൊണ്ടു് 1961 വരെ കേരളത്തിലുണ്ടായതു്. പൊതുമേഖലക്കും സഹകാര്യമേഖലക്കും കൂടി ഒന്നും രണ്ടും പദ്ധതിക്കാലത്തു് കേരളത്തിലേക്കും മറ്റു പല സംസ്ഥാനങ്ങളിലേക്കും കേന്ദ്രം മാറ്റിവെച്ച തുകയുടെ കണക്ക് 12–ാം പട്ടികയിൽ കാണുക.

പട്ടിക 12

31—3—1961 വരെ കേന്ദ്രം സംസ്ഥാനത്തിൽ മുടക്കിയ മൂലധനം

	സംസ്ഥാനം	മുതൽ മുടക്ക് കോടി രൂ.
1	ഒറീസ	215.17
2	മധ്യപ്രദേശ്	213.17
3	പ: ബങ്കാൾ	205 71
4	മദിരാശി	60.91
5	മൈസൂർ	55 68
6	കേരളം	2.13

ഏന്നാൽ വലിയ മുറവിളിയുടെയും പ്രക്ഷോഭണത്തിന്റെയും ഫലമായി മൂന്നാം പദ്ധതി (1961–66) യിൽ കേരളത്തിലേക്കുള്ള കേന്ദ്ര വ്യവസായവിഹിതം അല്പമൊന്നു് വർദ്ധിപ്പിച്ചിട്ടുണ്ടു്. അതു് 71 കോടി രൂപയാക്കി ഇതും മറ്റു സംസ്ഥാനങ്ങളുമായി തരതമപ്പെടുത്തുമ്പോഴും കേരളത്തിന്റെ ഗുരുതരമായ പ്രശ്നങ്ങൾ കണക്കിലെടുക്കുമ്പോഴും അതൊരു അപര്യാപ്തമാണു് എന്ന കാര്യം തീർച്ചയാണു്. ഇതെങ്കിലും ചെയ്തുകിട്ടിയതു് ഇല്ല.

കൊച്ചി കപ്പൽ നിർമ്മാണശാല, അമ്പലമുകൾ എണ്ണശുദ്ധീകരണം, കളമശേരിയിലെ ഹിന്ദുസ്ഥാൻ യന്ത്രോപകരണശാല, പാലക്കാട്ട പുതുശേരിയിലെ സൂക്ഷ്മോപകരണനിർമ്മാണശാല, ആലുവായിലെ ഫാക്ട് വികസനം, നേര്യമംഗലത്തെ ഫൈറോകെമിക്കൽശാല എന്നിവയാണ് 71 കോടി രൂപ ചെലവുള്ള പദ്ധതിയിനങ്ങൾ. എന്നാൽ ഹിന്ദുസ്ഥാൻ യന്ത്രോപകരണശാലയും ഫാക്ട് വികസനവും മാത്രമേ മൂന്നാംപദ്ധതിയിൽ പൂർത്തീകരിച്ചുള്ളൂ. എണ്ണ ശുദ്ധീകരണവും കുറെ പുരോഗമിച്ചു. കപ്പൽ നിർമ്മാണശാല പ്രവർത്തനം ഒരടി പുരോഗമിച്ചില്ല. കേരളീയരുടെ ഏകകണ്ഠമായ പ്രതിഷേധമുണ്ടായിട്ടും കൊച്ചി കപ്പൽനിർമ്മാണശാല കൊണ്ടു പോകുന്നതിനും കളിക്കുകയാണ് കേന്ദ്രം. നേര്യമംഗലത്തെ ഫൈറോകെമിക്കൽസിനും പുതുശ്ശേരിയിലെ സൂക്ഷ്മോപകരണ നിർമ്മാണശാലയ്ക്കും സ്ഥാനനിർണ്ണയവും സ്ഥലമെടുപ്പും ബോർഡുകുടലും കഴിഞ്ഞു. ഇപ്പോഴിതാ ഓരോ മുടന്തന്ന്യായം പറഞ്ഞു് ഈ പദ്ധതികളും കേരളത്തിൽ നിന്നു് മാറ്റിക്കൊണ്ടുപോയിരിക്കുന്നു. നേര്യമംഗലത്തെ പദ്ധതി ഋഷികേശത്തിലേക്കു കൊണ്ടുപോയി, സൂക്ഷ്മോപകരണശാല വേണ്ടെന്നുംവെച്ചു. ഇടക്കാലത്തു് ഇതിനുപുറമേ കേരളത്തിലേക്കു് നിർദ്ദേശിക്കപ്പെട്ട ഫിഷറി ഇൻസ്റ്റിറ്റ്യൂട്ട് ബോംബെയിലേക്കും ഘനവൈദ്യുത യന്ത്രശാല മൈസൂറിലേക്കും പിടിച്ചു പറിച്ചുകൊണ്ടുപോയി. ഇതിന്റെ എല്ലാം ഫലമായി മൂന്നാംപദ്ധതിയിൽ കേരളത്തിലെ കേന്ദ്രമേഖലയിലേക്കു് നീക്കിവെച്ച 71 കോടി രൂപയിൽ പകുതിയിൽ കുറവു് മാത്രമേ ചെലവായുള്ളൂ. അങ്ങിനെ അവസാനം കേന്ദ്രം കേരളത്തിനു് വെച്ചുനീട്ടിയ 71 കോടി രൂപയുടെ ഭൂരിഭാഗവും ഇടതുകൈകൊണ്ടു് അവർ തിരികെ തട്ടിപ്പറിച്ചെടുത്തു.

വ്യവസായവൽക്കരണത്തെ തങ്ങളുടെ ഇഷ്ടപ്രകാരം നിയന്ത്രിക്കുന്നതിനു് കേന്ദ്രം കൈവശംവെച്ചിരിക്കുന്ന മറെറാരധികാരം പുതിയവ്യവസായങ്ങളാരംഭിക്കുവാൻ കൊടുക്കേണ്ട ലൈസൻസിനേതാണു്. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം കേരളത്തിൽ രണ്ടു വൻകിടവ്യവസായങ്ങൾക്കുള്ള ലൈസൻസു മാത്രമേ കേന്ദ്രം നൽകിയുള്ളൂ. ആദ്യത്തേതു് കമ്യൂണിസ്റ്റു് മന്ത്രിസഭാക്കാലത്തു് നാം അതുധ്യാനം ചെയ്തു് കൊണ്ടുവന്ന മാവൂർ റയൺപദ്ധതിയാണു്. രണ്ടാമത്തേതു് ഇന്നത്തെ ഐക്യമുന്നണി ഗവണ്മെൻറിന്റെ അശ്രാന്തപരിശ്രമം കൊണ്ടുകിട്ടിയ ചവറ ലോഹമണൽ വ്യവസായവും. തോഷിബാആനന്ദു് വിളക്കുശാല, ഫിനാച്ചിടാൻസു്ഫോർമർ എന്നിവയെല്ലാം ചുരുക്കം തൊഴിലാളികൾക്കു് തൊഴിൽ കിട്ടുന്ന ചെറിയ സ്ഥാപനങ്ങളും മാത്രമാണു്.

ആസൂത്രണകമ്മിഷന്റെ ഉപാദ്ധ്യക്ഷൻ പ്രൊഫസർഗാഡ്ഗിൽ അടുത്തയിടെ കേരളത്തിൽ വന്നപ്പോൾ സഹകാരുമേഖലക്കു് ലൈസൻസു കൊടുക്കുന്ന അവസരത്തിൽ കേരളത്തിനു് പ്രത്യേകം പരിഗണന നൽകുമോ എന്ന ചോദ്യത്തിനു് സഹകാരു വ്യവസായികളുടെ കുപ്പായത്തിൽ ഇടപ്പെടാൻ കഴിയില്ല എന്നു പറഞ്ഞു അദ്ദേഹം കൈമലർത്തി യതെന്നെ നിരാശപ്പെടുത്തുകയാണുണ്ടായതു്. സഹകാരുമേഖലാ വ്യവസായങ്ങളും സമഗ്രമായ സാമ്പത്തികാസൂത്രണത്തിന്റെ നാലതിരിനകത്തു് പ്രവർത്തിക്കണമെന്നും 1956–ലെ വ്യവസായനയ പ്രമേയത്തിൽ കേന്ദ്രഗവണ്മെൻറു തന്നെ വ്യക്തമാക്കിയിട്ടുണ്ടു്. പ്രാദേശികസാമ്പത്തിക അസമത്വങ്ങളും പരിഹരിക്കുക എന്നതാണു് വ്യാവസികനയത്തിന്റെ ലക്ഷ്യങ്ങളിലൊന്നു് എന്നു് ആ പ്രമേയത്തിലും പഞ്ചവത്സരപദ്ധതികളിലും പ്രസ്താവിച്ചിട്ടുമുണ്ടു്. ആ സ്ഥിതിയിൽ സഹകാ

ര്യമേഖലയിൽ ലൈസൻസും കൊടുക്കുന്നതും ഈ നയങ്ങളുടെ നടപ്പിലാക്കലുമായിരിക്കണമെന്നും നിശ്ചയിക്കാൻ കേന്ദ്രത്തിനും കഴിയേണ്ടതാണ്. അതു ചെയ്യാത്തതു് പിന്നോക്ക പ്രദേശങ്ങളോടുള്ള കേന്ദ്രത്തിന്റെ അവഗണനയുടെ മറ്റൊരുദാഹരണമായിട്ടേ കണക്കാക്കി കൂടൂ.

7. വായ്പയിലും വിവേചനം

മുന്നോക്കസംസ്ഥാനങ്ങളെ വീണ്ടും മുന്നേറാനും നികുതിഭാരം കൂടി പിരിച്ചെടുത്തു് കേന്ദ്രകടങ്ങളെ തീർക്കാനും കേന്ദ്രഗവണ്മെന്റു് ഉപയോഗപ്പെടുത്തുന്ന മറ്റൊരു ശക്തമായ ഉപകരണമാണു് നിർവ്വഹിവായ്പാ സംഘടനകളിലുള്ള നിയന്ത്രണം. വ്യവസായങ്ങളും പുതുതായി സ്ഥാപിക്കുന്നതിനും പഴയവയെ നിലനിർത്താനും വളർത്താനും കേന്ദ്രത്തിന്റെ ആജ്ഞാനുവർത്തിത്വത്തിലുള്ള പല വായ്പാ സംഘടനകളും വലിയ പങ്കു വഹിക്കുന്നു. ലൈഫ് ഇൻഷുറൻസു് കോർപ്പറേഷൻ, ഇൻഡസ്ട്രിയൽ ഫൈനാൻസു് കോർപ്പറേഷൻ, ഇൻഡസ്ട്രിയൽ ക്രെഡിറ്റ് ആൻഡ് ഇൻവെസ്റ്റ്മെന്റു് കോർപ്പറേഷൻ മുതലായവയാണു് ഈ സംഘടനകളും. ഇവയെല്ലാം വായ്പകൊടുക്കുന്ന കാര്യത്തിൽ പലപ്പോഴും പിന്നോക്കസംസ്ഥാനങ്ങളോടു പൊതുവേയും കേരളത്തോടു പ്രത്യേകിച്ചും വിവേചനം കാണിക്കുന്നുണ്ടെന്നും അവയുടെ പ്രസിദ്ധീകരിച്ച കണക്കുകളിൽ നിന്നു മനസ്സിലാക്കാം. 13-ം 14-ം പട്ടികകളും ഉദാഹരണത്തിനു് നോക്കുക.

പട്ടിക 13.

1966 ജൂൺ 30 വരെ ഇൻഡസ്ട്രിയൽ ഫൈനാൻസ് കോർപ്പറേഷൻ കൊടുത്ത സാമ്പത്തികസഹായം.

	സംസ്ഥാനം	അനുവദിച്ച തുക കോടി. രൂ.	ശതമാനം
1	മഹാരാഷ്ട്രം	52.03	17.8
2	മദിരാശി	47.02	16.1
3	പശ്ചിമബങ്കാളം	36.41	12.4
4	ആന്ധ്ര	23.29	7.9
5	ഉത്തരപ്രദേശം	20.82	7.1
6	ഗുജറാത്ത്	19.10	6.5
7	ബീഹാർ	16.46	5.6
8	പഞ്ചാബ്	16.42	5.6
9	മൈസൂർ	16.13	5.5
10	രാജസ്ഥാൻ	11.18	3.8
11	കേരളം	10.68	3.7
12	മദ്ധ്യപ്രദേശം	7.14	2.5
13	ആസാം	6.70	2.3
14	ഒറീസ	6.64	2.2
15	ദില്ലി	2.13	0.7
16	പുതുശ്ശേരി	0.60	0.2
17	ആന്തമാൻ	0.11	0.1
	ആകെ	292.75	100.00

പട്ടിക 14

ഇൻഡസ്ട്രിയൽ ക്രെഡിറ്റ് & ഇൻവെസ്റ്റ്മെൻറ് കോർപ്പറേഷൻ : 1966 ജൂൺ 30 വരെ.

	സംസ്ഥാനം	അനുവദിച്ച തുക കോടി ക.	ശതമാന വീതം
1	മഹാരാഷ്ട്രം	66·53	37·4
2	ഗുജറാത്ത്	23 92	13 4
3	മദിരാശി	19.67	11·0
4	പ. ബങ്കാളം	16·00	9·0
5	മൈസൂർ	12·39	7·0
6	ആന്ധ്ര	9·04	5·1
7	ബീഹാർ	7 62	4.3
8	ഉത്തരപ്രദേശം	56·7	3.2
9	ഒറീസ	4·09	2·3
10	മധ്യപ്രദേശം	3·42	1·9
11	രാജസ്ഥാൻ	2·37	1·3
12	ഹരിയാന	2·29	1·3
13	കേരളം	1·96	1·1
14.	ആസാം	1·90	1·1
15.	യൂണിയൻപ്രദേശം	1·03	0.5
16.	പഞ്ചാബ്	0·10	0.1

ഈ സ്ഥാപനം നൽകിയ സഹായത്തിന്റെ 70 ശതമാനവും ഏറ്റവും വികസിതമായ നാലു സംസ്ഥാനങ്ങൾക്കാണെന്നു് ഈ കണക്കുകൾ തെളിയിക്കുന്നു. ഈ രംഗത്തും ഏറ്റവും താഴെപ്പടിയിൽ കിടക്കുന്ന സംസ്ഥാനങ്ങളിലൊന്നാണു് കേരളം. ഏറ്റവും താഴെ കേരളമാണെന്നു പറയാം. കാരണം കേരളത്തേക്കാൾ താഴെ നിൽക്കുന്ന ആസാമും പഞ്ചാബും മറ്റു പല പരിഗണനകളിലും പ്രത്യേകം മുൻനിൽക്കുന്നു എന്നു നാം കണ്ടതാണല്ലോ.

8. കേന്ദ്രത്തിന്റെ സർവാധിപത്യം

ഇന്ത്യൻ ഭരണഘടന അതികേന്ദ്രീകൃതമായ ഒന്നാണു്. സാധാരണ ഫെഡറൽ ഭരണഘടനകളിൽ ഉള്ളതിനേക്കാൾ കൂടുതൽ അധികാരം കേന്ദ്രഗവണ്മെന്റിൽ നിക്ഷിപ്തമായിട്ടുണ്ടു്. നികുതി സമ്പ്രദായത്തെ സംബന്ധിച്ചിടത്തോളം 1935-ലെ ഇന്ത്യൻ ഭരണഘടനയിൽപോലും സംസ്ഥാനങ്ങൾക്കു് ഇന്നുള്ളതിനേക്കാൾ കൂടുതൽ അധികാരങ്ങൾ ഉണ്ടായിരുന്നു. അമേരിക്കൻ ഫെഡറൽ ഭരണഘടനയിലും മറ്റും വ്യക്തമായി കേന്ദ്രത്തിനാണെന്നു് വ്യവസ്ഥ ചെയ്യപ്പെട്ടിട്ടില്ലാത്ത അവശിഷ്ടാധികാരങ്ങൾ സംസ്ഥാനങ്ങൾക്കാണു് നീക്കിവച്ചിട്ടുള്ളതു്. ഇന്ത്യൻ ഭരണഘടനയിലാകട്ടെ, സംസ്ഥാനങ്ങൾക്കു് വ്യക്തമായി വ്യവസ്ഥചെയ്യാത്ത എല്ലാ അവശിഷ്ടാധികാരങ്ങളും കേന്ദ്രത്തിലാണു് നിക്ഷിപ്തമായിരിക്കുന്നതു്. ഈ ഏർപ്പാടു് ഫെഡറൽ തത്വങ്ങളുമായി പൊരുത്തപ്പെടുന്നില്ലെന്നുകൊണ്ടും സാധാരണയിൽ കവിഞ്ഞ അധികാരം കേന്ദ്രത്തിനായിരിക്കണമെന്ന ഉദ്ദേശം വച്ചുകൊണ്ടും ആണു് ഇന്ത്യൻ 'ഫെഡറേഷൻ' എന്ന പേരു് സ്വീകരിക്കാതെ അവസാനം

ഇന്ത്യൻ 'യൂണിയൻ' എന്ന പേരു് കൈക്കൊണ്ടതു്. ഇതു കാരണം ഇന്ത്യൻ സംസ്ഥാനങ്ങളുടെ അവകാശാധികാരങ്ങളും ചുമതലകളും ആടയാഭരണങ്ങളും ചാർത്തി വിപുലപ്പെടുത്തിയ മുനിസിപ്പൽ ഭരണങ്ങളുടേതിനു തുല്യമായി തരം താഴ്ന്നിരിക്കുന്നു. കേന്ദ്രീകൃത ആസൂത്രണം നടപ്പിലായതോടുകൂടി ഭരണഘടനയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള അധികാരങ്ങളും പോലും ഫലത്തിൽ കേന്ദ്രം പടിപടിയായി കാർന്നെടുത്തു തുടങ്ങി. ഭരണഘടന അംഗീകരിച്ചതിനുശേഷമുള്ള കേന്ദ്ര–സംസ്ഥാന സാമ്പത്തിക ബന്ധങ്ങളും അവലോകനം ചെയ്താൽ ഇക്കാര്യം ബോദ്ധ്യമാവും.

ഭരണഘടനയിലെ 268 മുതൽ 282 വരെയുള്ള വകുപ്പുകളിലാണു് കേന്ദ്ര–സംസ്ഥാന സാമ്പത്തിക ബന്ധങ്ങളും വ്യവസ്ഥചെയ്തിട്ടുള്ളതു്. സംസ്ഥാനങ്ങൾക്കു് പിരിക്കാവുന്ന നികുതിയിനങ്ങളും ഭരണഘടനയുടെ ഏഴാം പട്ടികയിലെ 2–ാം ലിസ്റ്റിൽ എഴുതിച്ചേർത്തിരിക്കുന്നു. കാഷ്ടികാടായ നികുതിയെഴിച്ചു്, ആദായത്തിന്മേലുള്ള എല്ലാ നികുതികളും മറ്റനേകം വികസനനികുതികളും കേന്ദ്രത്തിനായിരിക്കെ, കാര്യമായി വികസിപ്പിക്കാൻ സാധ്യതയില്ലാത്ത നിശ്ചല നികുതിയിനങ്ങളാണു് സംസ്ഥാനങ്ങൾക്കുവേണ്ടി 2–ാം ലിസ്റ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതു്. ഇതുകൊണ്ടു വരുന്ന അപാകതകളും പരിഹരിക്കാനും സംസ്ഥാനങ്ങളും കേന്ദ്രവും തമ്മിലുള്ള സാമ്പത്തിക ബന്ധം നിയമാനുസൃതമായി ചിട്ടപ്പെടുത്താനുമാണു്, കേന്ദ്രത്തിനു ലഭിക്കുന്നനികുതിയും മറ്റുവരുമാനങ്ങളും സംസ്ഥാനങ്ങൾക്കു് വിഭജിച്ചുകൊടുക്കാൻ വ്യവസ്ഥചെയ്തിട്ടുള്ളതു്. ചില നികുതികളും കേന്ദ്രം പിരിച്ചെടുത്തു് പൂർണ്ണമായി സംസ്ഥാനങ്ങൾക്കു് നൽകുന്നു. മറ്റുചിലവ കേന്ദ്രവും സംസ്ഥാനങ്ങളും പങ്കി

ട്ടുന്നു. ഇതിനും പുറമേ, സംസ്ഥാനങ്ങളുടെ ബഡ്ജറ്റ് കമ്മി നികത്താനും മൂലധനാവശ്യങ്ങൾ നിറവേറ്റാനും സഹായധനം (Grant-in-aid) കേന്ദ്രം നല്കുന്നു. ഇതെല്ലാം ചെയ്യുന്നതു് ഭരണഘടനയിലെ 275-ാം വകുപ്പുപ്രകാരമാണു്. നികുതി വിഭജനത്തിന്റെയും സഹായധനവിതരണത്തിന്റെയും തത്വങ്ങൾ കാലാകാലങ്ങളിൽ പരിശോധിച്ചു് ഇന്ത്യാഗവണ്മെന്റിനെ ഉപദേശിക്കാനായി അയ്യായ്കൊല്ലം കൂടുമ്പോൾ ഓരോ ധനകാര്യകമ്മീഷനെ നിയമിക്കുന്നു. കക്ഷി പരിഗണനകളും പ്രത്യയശാസ്ത്രമുൻവിധികളും അതീതമാണു്. കമ്മീഷൻ എന്നു പറയാമെങ്കിലും പലപ്പോഴും കേന്ദ്രഗവണ്മെന്റിന്റെ ഇഷ്ടാനിഷ്ടങ്ങളാണു് ഈ കമ്മീഷനെ നിയന്ത്രിക്കുക. അതിനു പുറമെ, കമ്മീഷന്റെ പൊതുവേയും കമ്മീഷനംഗങ്ങളുടെ പ്രത്യേകിച്ചും ഉള്ള മുൻവിധികളും താല്പര്യങ്ങളും അവരുടെ റിപ്പോർട്ടിനെ കുറെയൊക്കെ ബാധിക്കാതിരിക്കില്ല. ഇതു പ്രധാനപ്പെട്ട ഒരുകാര്യം ഇങ്ങിനെയുള്ള വിവേചനാപരമായ തീരുമാനത്തിനു വിട്ടുന്നതിന്റെ ദോഷഫലങ്ങളും നാലാംധനകാര്യകമ്മീഷന്റെ അദ്ധ്യക്ഷൻ തന്നെ ഒരുപ്രത്യേക കുറിപ്പായി റിപ്പോർട്ടിൽ എഴുതിച്ചേർത്തിരുന്നു.

ഈ പരിമിതികളൊക്കെയുണ്ടെങ്കിലും, അല്ലെങ്കിലുമൊക്കെ തത്വദീക്ഷയും ഭരണഘടനാ വ്യവസ്ഥകളോടു് ആഭിമുഖ്യവും ധനകാര്യക്കമ്മീഷനു് ഉണ്ടായിരിക്കും എന്നു പ്രതീക്ഷിക്കാം. എന്നാൽ, കേന്ദ്രത്തിൽനിന്നും സംസ്ഥാനങ്ങൾക്കു് നല്കുന്ന വിഭവങ്ങളും നിണ്ണയിക്കുന്ന കാര്യത്തിൽ ധനകാര്യക്കമ്മീഷന്റെ പ്രവർത്തനം തന്നെ ചുരുക്കിവരികയാണു്. ഭരണഘടനയുടെ 275 (1) വകുപ്പുപ്രകാരം സംസ്ഥാന ബഡ്ജറ്റുകളിലെ റവന്യൂക്കമ്മി മാത്രമല്ല, മൂലധനക്കമ്മിയും ധനകാര്യ

ക്കമ്മിഷൻ പരിഗണിക്കേണ്ടതായിട്ടുണ്ട്. ആസൂത്രണക്കമ്മീഷന്റെ രംഗപ്രവേശത്തോട്ടു കൂടി അധികാരം പടിപടിയായി കുറഞ്ഞുവരുന്ന ധനകാര്യക്കമ്മിഷൻ റവന്യൂക്കമ്മിമാത്രം പരിഗണിച്ചാൽമതിയെന്ന ഒരു അലിഖിതനിയമം നടപ്പിലായിരിക്കുന്നു. മൂന്നാംപദ്ധതിയുടെ ആവശ്യങ്ങളും നിറവേറ്റാൻ കഴിയത്തക്കവണ്ണം 275–ാം വകുപ്പ് പ്രകാരം കൂടുതൽ തുക സംസ്ഥാനങ്ങൾക്ക് ശുപാർശചെയ്ത മൂന്നാംധനകാര്യക്കമ്മിഷന്റെ അഭിപ്രായം കേന്ദ്രഗവണ്മെൻറ് തള്ളിക്കളഞ്ഞു. ഇപ്രകാരം ചെയ്യുന്നതിനു നിയമസാധുതയൊന്നുമില്ലെന്നു നാലാംധനകാര്യക്കമ്മിഷന്റെ അദ്ധ്യക്ഷൻ എഴുതിയ കുറിപ്പിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

ഈ പ്രവണതയുടെ രാഷ്ട്രീയമായ അർത്ഥമെന്ത്? സംസ്ഥാനങ്ങൾക്ക് കേന്ദ്രം നൽകേണ്ട നികുതിവിഹിതവും സഹായധനവും നിയമത്തിന്റെയും ഭരണഘടനയുടെയും ചട്ടക്കൂട്ടിൽ നിന്നൊട്ടുമാറി ആസൂത്രണക്കമ്മിഷന്റെയും കേന്ദ്രഗവണ്മെൻറിന്റെയും വിവേചനാധികാരത്തിനും ഇഷ്ടാനിഷ്ടങ്ങൾക്കും വിട്ടുന്നു. എന്നാണിതിന്റെ അർത്ഥം. ആസൂത്രണക്കമ്മിഷന്റെ ഉപദേശപ്രകാരം സംസ്ഥാനങ്ങൾക്ക് ധനസഹായം നൽകാൻ കേന്ദ്രഗവർമ്മെണ്ട് ആശ്രയിക്കുന്ന ഭരണഘടനാവകുപ്പിന്റെ വ്യാപ്തിയും ഉദ്ദേശവും പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാവും. നികുതിയും വരുമാനങ്ങളും സംസ്ഥാനങ്ങൾക്ക് വിഭജിച്ചു കൊടുക്കാനുള്ള ശരിയായ വകുപ്പ് 275 ആണെന്നു നേരത്തെ പറഞ്ഞല്ലോ. എന്നാൽ, ഇപ്പോൾ സംസ്ഥാനങ്ങൾക്ക്

സഹായധനം നൽകുന്നതിനുവേണ്ടി കേന്ദ്രഗവർമ്മെണ്ടു് ഉപയോഗപ്പെടുത്തുന്നതു് 282–ാം വകുപ്പു് ആണു്. ഈ വകുപ്പു് ഒന്നോടിച്ചു വായിച്ചാൽ തന്നെ അതിന്റെ ഉദ്ദേശം ഇതായിരുന്നില്ല എന്നു് ആർക്കും ബോദ്ധ്യമാവും. പാർലമെണ്ടിനും സംസ്ഥാനനിയമസഭകൾക്കും നിയമനിർമ്മാണാധികാരം ഇല്ലാത്ത പൊതുകാര്യങ്ങൾക്കു വേണ്ടി ധനസഹായം നൽകാൻ ചിലയവസരങ്ങളിൽ യൂണിയൻ ഗവർമ്മെണ്ടിനും സംസ്ഥാനഗവർമ്മെണ്ടുകൾക്കും അധികാരം നൽകുന്നതാണു് പ്രസ്തുതവകുപ്പു്. സാധാരണയായി ദുരിതാശ്വാസപ്രവർത്തനങ്ങൾക്കും, സാർവദേശീയ ശിശുനിധിക്കും, ഐക്യരാഷ്ട്രസഭക്കും, വിദേശങ്ങളിലെ ചില പ്രവർത്തനങ്ങൾക്കും ധനസഹായം നൽകുവാൻ വേണ്ടിയാണു് 282–ാം വകുപ്പുകൊണ്ടുദ്ദേശിച്ചിട്ടുള്ളതും ആദ്യമൊക്കെ ഈ വകുപ്പിനെ ഉപയോഗപ്പെടുത്തിയിട്ടുള്ളതും. എന്നാൽ, ഈ വകുപ്പിനെ സംബന്ധിച്ചു് ഭരണഘടനാനിർമ്മാതാക്കൾക്കുണ്ടായിരുന്ന ഉദ്ദേശവും ഈ വകുപ്പിന്റെ അക്ഷരവും അർത്ഥവും കവച്ചുവെച്ചുകൊണ്ടാണു് കേന്ദ്രഗവർമ്മെണ്ടു് ഇപ്പോഴും പ്രവർത്തിക്കുന്നതു്. ഇതിന്റെഫലമായി സംസ്ഥാനങ്ങൾക്കു് കേന്ദ്രം നൽകുന്ന സഹായധനത്തിൽ നിയമനിർദ്ദിഷ്ടമായ ഭാഗം ക്രമേണ കുറയുകയും കേന്ദ്രത്തിന്റെ തന്നിഷ്ടപ്രകാരമുള്ള ഭാഗം വർദ്ധിച്ചുവരുകയുമാണു് ചെയ്യുന്നതു്. ഉദാഹരണത്തിനു്, 1967–68–ലെ കേന്ദ്രബഡ്ജറ്റ് മെമ്മോറാണ്ടത്തിലെ കണക്കു് നോക്കുക (പട്ടിക 15).

പട്ടിക 15

സംസ്ഥാനങ്ങൾക്കുള്ള നികുതിവിഹിതവും ധനസഹായവും

		കോടി രൂ.	ശതമാനം
1	യൂണിയൻ നികുതികളുടെയും തീരുവകളുടെയും സംസ്ഥാനവിഹിതം	370	23
2	നിയമാധിഷ്ഠിതസഹായധനം	149	9
3	മറ്റു സഹായധനം	298	18
4	വായ്പകൾ	828	50
	ആകെ	1645	100

നിയമാധിഷ്ഠിതമായ ധനസഹായത്തേക്കാൾ എത്രയോ കൂടുതലാണ് തന്നിഷ്ടപ്രകാരമുള്ള ധനസഹായമെന്ന് ഈ കണക്ക് കാണിക്കുന്നു. ന്യൂഡൽഹിയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷനിലെ അദ്ധ്യാപകനും കേരളനികുതി അന്വേഷണക്കമ്മീഷനിലെ അദ്ധ്യക്ഷനുമായ ഡാ: തവരാജ് ഇപ്രകാരം പറയുന്നു:

"ഈ വകുപ്പ് (282) പ്രകാരം സംസ്ഥാനങ്ങൾക്ക് നൽകുന്ന തുകകൾ വർദ്ധിച്ചു വർദ്ധിച്ച് സാധാരണ

ഫെഡറൽ ധനകാര്യസമ്പ്രദായങ്ങളെ വളരെയേറെ നിരത്ഥകമായിത്തീർന്നിരിക്കുന്നു. ഒന്നാം പദ്ധതിയിൽ സാധാരണഗതിയിൽ നിയമവിധേയമായി സംസ്ഥാനങ്ങൾക്കു വിതരണംചെയ്ത സഹായധനം 410 കോടി രൂപയായിരുന്നെങ്കിൽ, 282-ാം വകുപ്പ് പ്രകാരമുള്ള തുക 144 കോടി രൂപയായിരുന്നു. എന്നാൽ, രണ്ടാംപദ്ധതിയിലാകട്ടെ 617 കോടി രൂപയ്ക്കുതിരെയായി ഇതു് (282-ാം വകുപ്പു് പ്രകാരം) 462 കോടി രൂപയായി ഉയർന്നു. മൂന്നാം പദ്ധതിക്കുലത്തു് സംസ്ഥാനങ്ങളുടെ ആകെ വരുമാനം 7,314 കോടി രൂപയായിരുന്നു. ഇതിൽ 275-ാംവകുപ്പുപ്രകാരം ധനകാര്യക്കമ്മീഷൻ ശുപാർശചെയ്ത സഹായധനം 1.9 ശതമാനമേ വരുന്നുള്ളൂ. ധനകാര്യക്കമ്മീഷന്റെ ശുപാർശകൾക്കുപുറമേ നൽകിയതു് 13 ശതമാനം വരും. ഈ 13 ശതമാനത്തിന്റെ ഭൂരിഭാഗവും ഭരണഘടനയുടെ 282-ാംവകുപ്പുപ്രകാരം നൽകിയതാണു്. ഇതിനെപ്പറ്റി ശ്രീ. കെ. സന്താനം (പ്രസിദ്ധ ഭരണഘടനാവിശാരദനായ ഇദ്ദേഹം ഒരിക്കൽ ധനകാര്യക്കമ്മീഷന്റെ അദ്ധ്യക്ഷനുമായിരുന്നു.) ഇപ്രകാരം പറയുന്നു:- "ആവിർഭവിച്ചേക്കാവുന്ന ചില ഞെടിയന്തിര പരിതഃസ്ഥിതികളെ നേരിടാൻ അനുവാദം നൽകുന്ന ഒന്നുമാത്രമാണിതു്. (-82-ാം വകുപ്പു്). ഇന്നനുവർത്തിക്കുന്ന സമ്പ്രദായത്തിൽ ഉപയോഗപ്പെടുത്താവുന്നതല്ല അതു് ഉദ്ദേശിച്ചിട്ടുള്ളതു്."

"വിചിത്രമെന്നു പറയട്ടെ, ധനസഹായം ലഭിക്കേണ്ടവർക്കു് ഏതൊക്കെയാണു് നല്ലതെന്നും തീയതെന്നും തീരുമാനിക്കാനുള്ള ഉയർന്ന ബുദ്ധിവിശേഷം തങ്ങൾക്കുമാത്രമേയുള്ളുവെന്നു് വിവേചനം വിതരണം ചെയ്യാൻ ചുമതലപ്പെട്ടവർ ധരിച്ചുവശായിരിക്കുന്നു."

കേന്ദ്രഗവണ്മെന്റിന്റെ ഈ വിവേചനാധികാരവും തന്നിഷ്ടപ്രകാരമുള്ള ധനവിതരണസമ്പ്രദായവുംമൂലം പല സംസ്ഥാനങ്ങളും അസ്വസ്ഥരാണ്. കോൺഗ്രസ്സ് ഭരിക്കുന്ന സംസ്ഥാനങ്ങൾതന്നെ കേന്ദ്രഗവണ്മെന്റിനെതിരായി ശബ്ദമുയർത്തുന്നതും നാം കേൾക്കാറുണ്ട്. പിന്നോക്കസംസ്ഥാനങ്ങളുടെ ആവലാതി ദേശീയവികസനകൗൺസിലിലും പാർലമെന്റിലും കൂടക്കൂടെ മുഴങ്ങിക്കേൾക്കാറുണ്ട്. കേന്ദ്രത്തിൽ ഭരിക്കുന്ന കക്ഷിക്കു് സ്വാധീനമില്ലാത്ത കോൺഗ്രസ്സിതരസംസ്ഥാനങ്ങളുടെ സ്ഥിതി കൂടുതൽ ദയനീയമാണ്. കേരളത്തിലെ നികുതി വരുമാന പ്രവണതകളെ പരിശോധിച്ചാൽ മുന്നദ്ധ്യായങ്ങളിൽ തെളിയിച്ചതുപോലെ, ഈ രംഗത്തിലും ഏറ്റവും ദയനീയമായ സ്ഥിതി കേരളത്തിന്റേതാണെന്നു കാണാം. ഇന്ത്യൻ സംസ്ഥാനങ്ങളെയാകെ എടുത്താൽ കേരളത്തിലെ നികുതി നിലവാരം ഏറ്റവും ഉയർന്നതാണെന്നു് പൊതുവിലും പറയാം. എല്ലാ സംസ്ഥാനങ്ങളുടേയും പ്രതിശീർഷ നികുതിനിരക്കു് 18.9 രൂപയായിരിക്കെ, കേരളത്തിലേതു് 22.3 രൂപയാണ്. അങ്ങിനെ ആഭ്യന്തരനികുതി വർദ്ധനയുടെ ഉച്ചകോടിയിലാണ നാം എത്തിയിട്ടുള്ളതു്. ഇന്ത്യയിലെ പൊതുസാമ്പത്തികവികസനത്തിന്റെയും നാണയപ്പെരുപ്പത്തിന്റെയും നികുതിനിരക്കുവർദ്ധനയുടെയും ഫലമായി കേന്ദ്രത്തിന്റെ നികുതി വരുമാനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്രഗവണ്മെന്റനുവർത്തിക്കുന്ന കമ്മിപ്പണനയം മൂലം കേന്ദ്രത്തിന്റെ സാമ്പത്തിക വരുമാനം വർധിക്കുമ്പോഴും, അതുമൂലം ക്ഷാമബത്തയും മറ്റു ചെലവുകളും വർദ്ധിപ്പിക്കേണ്ടിവരുന്ന സംസ്ഥാനത്തിന്റെ ബാദ്ധ്യതകൂടിവരികയാണ്. എന്നാൽ, കേന്ദ്രത്തിൽനിന്നും ലഭിക്കുന്ന നികുതിവിഹിതത്തിന്റെ ശതമാനം കേരളത്തിൽ കുറഞ്ഞുവരികയാണെന്നു് 16–ാം പട്ടികയിൽ കാണാം.

പട്ടിക 16

കേന്ദ്രത്തിലെ നികുതി വരുമാന പ്രവണതകൾ : ശതമാനം

	1957–58 കണക്ക്	1961–62 കണക്ക്	1962–63 കണക്ക്	1963–64 കണക്ക്	1964–65 കണക്ക്	1965–66 കണക്ക്	1966–67 കണക്ക്	1967–68 കണക്ക്	1969–69 കണക്ക്
ആകെ നികുതി വരുമാനം	–100	100	100	100	100	100	100	100	100
കേന്ദ്രനികുതി വിഹിതം	–24·3	21·4	21·2	27·2	23·2	23·1	24·4	23·6	22·9
സംസ്ഥാന നികുതിയും തീരുവകളും	–75·7	7·86	72·8	72·8	76·8	76·9	75·6	76·4	77·1

കേന്ദ്രഗവണ്മെണ്ട് സംസ്ഥാനത്തിനു് നല്കുന്ന ധന സഹായത്തിന്റെ സിംഹഭാഗം തിരിച്ചടയ്ക്കുന്ന വായ്പയിനത്തിൽപെട്ടതാണു്. നേരത്തെ ഉദ്ധരിച്ച കണക്കുപ്രകാരം (പട്ടിക 15) സംസ്ഥാനങ്ങൾക്കു് ആകെ നല്കുന്ന ധനസഹായത്തിന്റെ 50 ശതമാനം വായ്പയാണെന്നു കാണാം. നിയമാധിഷ്ഠിതമായ നികുതി വിഹിതവും ധനസഹായവും ക്രമേണ കുറയുകയും വായ്പകൾ വർദ്ധിച്ചുവരികയുമാണിപ്പോൾ ചെയ്യുന്നതു്. വായ്പകൾ വർദ്ധിച്ചുവരുന്നതോടൊപ്പംതന്നെ, അതു് കൊടുത്തുതീർക്കേണ്ട ബാദ്ധ്യതയും വർദ്ധിച്ചുവരുന്നു. തത്ഫലമായി ഓരോവർഷവും കിട്ടുന്ന വായ്പയുടെ വർദ്ധമാനമായ ഭാഗം മുൻവർഷങ്ങളിലെ വായ്പകൾ വീട്ടിത്തീർക്കാനായി ഉപയോഗിക്കേണ്ടിവരുന്നു. ഇക്കണക്കിനു പോയാൽ കുറേകാലം കഴിയുമ്പോൾ കിട്ടുന്ന സംഖ്യയും കൊടുത്തുതീർക്കേണ്ട സംഖ്യയും തമ്മിലുള്ള അന്തരം കുറഞ്ഞു് അതു് പൂജ്യരേഖയിലെത്തും. സംസ്ഥാനത്തിന്റെ ചെലവിനു പണമുണ്ടാവുകയില്ലെന്നു മാത്രമല്ല, സംസ്ഥാനത്തിന്റെ വരുമാനം മുഴുവൻ കടബാദ്ധ്യതതീർക്കാൻവേണ്ടി ഉപയോഗിക്കേണ്ടതായും വരും. ഈ പൂജ്യരേഖയിലെത്തിക്കഴിഞ്ഞിട്ടില്ലെങ്കിലും അതാണു് പ്രവണതയെന്നു് 17-ാംപട്ടികയിൽ കാണുക.

പട്ടിക 17.

കേന്ദ്രം കേരളത്തിനു നൽകിയ വായ്പയും വായ്പതീർക്കലും.

	വർഷം	വായ്പ കോടി രൂ.	വായ്പ തീർക്കൽ കോടി രൂ.	വായ്പയുടെ എത്ര ശതമാനമാണു് വായ്പതീർക്കൽ
പദ്ധതിവായ്പ	1963–64	18·85	5·07	26·9
	1964–65	26·73	5·22	19·5
	1965–66	39·00	6·88	20·8
	1966–67	26·57	9·24	34·8
	1967–68 (R.E)	28·48	10·76	37·8
	1968–69 (B.E)	27·27	13·38	49·1
പദ്ധതിക്കുപുറത്തു വായ്പ	1963–64	15·12	11·11	73·5
	1964–65	10·12	9·70	95·8
	1965–66	2·57	1·73	67·3
	1966–67	3·87	1·21	31·3
	1967–68 (R.E)	3·87	3·44	89·0
	1968–69 (B.E)	3·27	2·40	79·8

ഇന്ത്യൻ സാമ്പത്തിക സംവിധാനത്തിന്റെ അശാസ്ത്രീയതയും കേന്ദ്രശവർമ്മെണ്ടിന്റെ അമിതമായ ധനകേന്ദ്രീകരണശക്തിയും 15-ാം പട്ടികയിലെ കണക്കുകൾ തെളിയിക്കുന്നു. പിരിശയും, പലിശക്കു പലിശയും കൊടുത്തു് മുടിയുകയും, ഒരു കാലത്തും കടബാദ്ധ്യതയിൽ നിന്നു് കരകയറാൻവാതെ നശിക്കുകയും ചെയ്യുന്ന അധമർണ്ണന്റെ നിലയാണു് സംസ്ഥാനത്തിനേറ്റുള്ളു. അമിതമായി പാട്ടം പിരിക്കുന്നതിനു പുറമെ, പാട്ടക്കാരനു കടംകൊടുത്തു് പലിശയും പലിശക്കുപലിശയും പിരിച്ചു് അയാളെ നശിപ്പിക്കുന്ന ഉത്തമർണ്ണ-ഋണിയുടെ നിലയാണു കേന്ദ്രത്തിനേറ്റുള്ളു. വികസനപദ്ധതികളൊക്കെ കയ്യുടക്കിവെച്ചുകൊണ്ടു് അതിൽ നിന്നും കേന്ദ്രം നേടുന്ന വിഹിതമാണല്ലോ വായ്പകൾ. ഈ വായ്പകളിൽ സിംഹഭാഗവും സംസ്ഥാനത്തിന്റെ ആവശ്യത്തിനു ന്യായമായി ലഭിക്കേണ്ട നികുതിവിഹിതമാണു്. അതു് അപ്രകാരം നൽകാതെ, വായ്പയായി നൽകി തിരിച്ചു വാങ്ങിക്കുന്നതുമൂലം കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ യുക്തിഹീനമാകുന്നുവെന്നു മാത്രമല്ല, സംസ്ഥാനങ്ങളുടെ സാമ്പത്തികാസൂത്രണാധികാരവും രാഷ്ട്രീയസ്വയംഭരണാവകാശവും പരിമിതപ്പെട്ടുപോവുകയും ചെയ്യുന്നു. ഈ അവസ്ഥാവിശേഷം കാരണമാണു് കേരളത്തിന്റെയും മറ്റു പിന്നോക്കസംസ്ഥാനങ്ങളുടെയും കെട്ടുതിക്കും കീഴ്ഗതിക്കും മുഖ്യ ഉത്തരവാദികേന്ദ്രശവർമ്മെണ്ടാണു് എന്നു പറയുന്നതു്.

സംസ്ഥാന സ്വയംഭരണാവകാശങ്ങളും നിലനിർത്തുകയും മെച്ചപ്പെടുത്തുകയും ചെയ്യാൻ കേന്ദ്ര-സംസ്ഥാന സാമ്പത്തിക ബന്ധങ്ങളും പരിഷ്കരിക്കണമെന്നും വേണ്ടിവന്നാൽ ഭരണഘടനതന്നെ ഭേദഗതി ചെയ്യണമെന്നും ഐകകണ്ഠ്യേന മന്ത്രിസഭക്കുവേണ്ടി മുഖ്യമന്ത്രി സഖാവു് ഇ എം. എസ്സു്. ശ്രീമാവിക

സന കൗൺസിലിനു സമർപ്പിച്ച രേഖയിൽ ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്രഗവർമ്മെണ്ടിന്റെ ഈ സർവ്വാധിപത്യപ്രവണതയവസാനിപ്പിക്കാതെ ഇന്ത്യൻ ജനാധിപത്യവും ശ്രേയോഭ്രംശവും എന്നപോലെ തന്നെ സമതുലിതമായ സാമ്പത്തിക വികസനവും നടക്കില്ല.

9. പുതിയ പണക്കാർ

കേന്ദ്രഗവർമ്മെണ്ട് തുടർന്നുവരുന്ന അവഗണനയുടെ ഫലമായി അധഃപതിച്ച കേരളത്തിന്റെ സ്ഥിതിയെപ്പറ്റി വിവരിക്കുമ്പോഴും പ്രധാനമായും ശരാശരി കണക്കുകളാണ് നാം പരിശോധിച്ചതു്. ഇതിന്റെ അർത്ഥം സാമ്പത്തിക തകർച്ചയുടെ പ്രഹരം എല്ലാ കേരളീയരേയും സമമായി ബാധിച്ചു എന്നാണോ?

ടാറ്റ, ബിർള മുതലായവരെപ്പോലെ ക്യാറൻ കുത്തകകൾ കേരളത്തിലില്ലെന്നതു വാസ്തവം തന്നെ. ഇന്ത്യയിലെ ഏറ്റവും വലിയ കുത്തകകളായി ഡാ: ഹ സാരി തിട്ടപ്പെടുത്തിയിട്ടുള്ള ഇരുപതു് കുടുംബങ്ങളിൽ ഒന്നും കേരളത്തിലില്ലായെന്നതു മാത്രമല്ല അതിയടുത്തു നിൽക്കുന്നവർപോലും ഇല്ലെന്നതാണു സത്യം. ക്യാറൻ കുത്തകകളുടെ ഭാരം കൊണ്ടു് ഞെരുങ്ങുന്നവരാണു് കേരളത്തിലെ മുതലാളിവർഗം. തോട്ടംവ്യവസായത്തിലും മറ്റുമുള്ള വിദേശമൂലധനത്തിന്റെ കടന്നുപിടിയും ഇന്ത്യൻ ഓലുമിനിയം കമ്പനി, മാഡൂർ റയൺ പൾപ്പ് കമ്പനി മുതലായ സ്ഥാപനങ്ങളിലൂടെ നഴഞ്ഞു കയറിക്കൊണ്ടിരിക്കുന്ന ഇന്ത്യൻ കുത്തകകകളുടെയും തത്കാലം നമുക്ക് അവഗണിക്കുക. ഡൺലപ്പ്, ഗ്ലഡ് ഇയർ, ഫയർസ്റ്റോൺ മുതലായ വിദേശമൂലധനകുത്തകകളുടെ സമ്മർദ്ദവും കടത്തിവെട്ടും കാരണം താൻ

ക്ലേശിക്കുകയാണെന്നും കേരളത്തിലെ ഏറ്റവും വലിയ മുതലാളിമാരിലൊരാളായ മാമ്മൻമാപ്പിള (പരേതനായ മലയാള മനോരമ മാമ്മൻ മാപ്പിളയുടെ മകൻ) ഇന്ത്യൻ കുത്തകകമ്മിഷൻ ഏജന്റും ആവലാതിപ്പെട്ടതും പ്രത്യേകം ശ്രദ്ധേയമാണ്. അതുകൊണ്ടും പിന്നോക്കസംസ്ഥാനങ്ങളെ ക്രൂരമായി പിന്നോട്ടടിക്കുകയും ഇടത്തരം വ്യവസായികളെയും വ്യാപാരികളെയും ശപിച്ചും ഞെരുക്കുകയും ചെയ്യുന്ന ഇന്ത്യാഗവർമ്മെണ്ടിന്റെയും കുത്തകകളുടെയും ആധിപത്യത്തിനെതിരായ സമരത്തിൽ കേരളത്തിലെ മുതലാളിവർഗവും സഹകരിക്കേണ്ടതാണ്. അങ്ങിനെ കേരളത്തിന്റെ അവകാശങ്ങൾക്കും അഭിവൃദ്ധിക്കും വേണ്ടിയുള്ള സമരത്തിൽ വളരെ വിപുലമായ ഒരു മുന്നണി തന്നെ രൂപപ്പെട്ടുവരാൻ കഴിയും.

പക്ഷെ ഇരുപതുകൊല്ലത്തെ മുതലാളിത്ത ആസൂത്രണം കൊണ്ടും കേരളത്തിനേറ്റ പ്രഹരം എല്ലാ കേരളീയരേയും സമമായിട്ടാണ് വേദനിപ്പിച്ചതും എന്നു പറയുന്നതും ശരിയായിരിക്കുകയില്ല. ഈ കാലഘട്ടത്തിലും അമിതമായി വളർന്ന ഒരുകൂട്ടർക്ക് വിദേശം കേരളത്തിലുണ്ട് എന്ന കാര്യം സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നു. ഉയർന്ന ഉദ്യോഗസ്ഥന്മാർ, വികളും കോൺട്രാക്ടർമാരും ഇൻഡ്യൻ കുത്തകകളുടെ ഏജന്റുമാരും പുതിയ സാഹചര്യങ്ങൾക്കൊത്തും വളർന്ന പുഴയ ജന്മിമാരും മറ്റുമാണ് ഈ വിഭാഗം. ഇവ വിഭാഗത്തിനും വ്യവസായവല്ക്കരണത്തിൽക്കൂടിയുള്ള കേരളത്തിന്റെ യഥാർത്ഥ വികസനത്തിൽ താത്പര്യമില്ല. കുറവൻ കുത്തകകളേയും നാടുവാഴികളേയും സംരക്ഷിക്കുന്ന ഇന്ത്യാഗവർമ്മെണ്ടിന്റെ സാധ്യപത്യപരമായ അധികാരത്തിലും കോൺഗ്രസ്കക്ഷിയുടെ ഭൂരിപക്ഷമായ ഘടകങ്ങളിലും ഇന്നത്തെ വികൃതമായ സാമ്പത്തിക വളർച്ചയിലും ആണ് അവർക്ക് താത്പര്യം.

ഈ വിഭാഗത്തെപ്പറ്റി കൂടുതൽ ഗവേഷണവും പഠനവും നടത്തേണ്ടതായിട്ടുണ്ട്. അതിനു സഹായിക്കുന്ന ചില സൂചകം നൽകാൻ മാത്രമേ ഞാനിവിടെ മുതിരുന്നുള്ളൂ.

വർദ്ധമാനമായ തൊഴിലില്ലായ്മയുടെയും താഴുചാട്ടം നിറഞ്ഞുനിൽക്കുന്ന തൊഴിലുത്തിന്റെയും മദ്ധ്യത്തിൽ അവിടവിടെയായി ഉയർന്നുവരുന്ന മണിമാളികകളും സുഖലോലുപരുടെ കേളീരംഗങ്ങളായ ആധുനിക ഹോട്ടലുകളും എന്താണ് തെളിയിക്കുന്നത്?

ഇന്ത്യാഗവർമ്മെണ്ടിന്റെ ഗതാഗതവകുപ്പ് കാര്യാലയം തയ്യാറാക്കിയ കണക്കുപ്രകാരം 1963-ൽ ഒരു ലക്ഷം ഇന്ത്യാക്കാർക്ക് 177 മോട്ടോർ വാഹനങ്ങളുണ്ടായിരുന്നു. ബോംബെ മദ്രാസ് കണക്കുകളിലും ഏറ്റവും താഴത്തെ പടിയിൽ കണ്ട കേരളം ഇക്കാര്യത്തിൽ അഖിലേന്ത്യാ നിലവാരത്തിനു താഴെയല്ല. കേരളത്തിലും ഒരു ലക്ഷംപേർക്ക് 177 മോട്ടോർ വാഹനങ്ങൾ വീതമുണ്ടായിരുന്നു. കേരളത്തിന്റെ നിരക്കിനെ കവച്ചുവയ്ക്കുന്നതു് മദ്രാശി, ബോംബേ, കൽക്കത്താ മുതലായ ഗംഭീരനഗരങ്ങളുൾക്കൊള്ളുന്ന സംസ്ഥാനങ്ങളും, മൈസൂർ, ഗുജറാത്തു് തുടങ്ങിയ ചില മുന്നോക്കസംസ്ഥാനങ്ങളും മാത്രമാണു്. മോട്ടോർ വാഹനങ്ങളുടെ ഈ നിരക്കു തിരിച്ചു പരിശോധിച്ചാൽ കേരളത്തിലെ ഉപരിവർഗത്തിന്റെ സ്വഭാവവിശേഷം മേൽവിവരിച്ചതുതന്നെയാണു് എന്നു് കാണാൻ വിഷമമില്ല. സ്വന്താവശ്യത്തിനുപയോഗിക്കുന്ന സ്വകാര്യമോട്ടോർ വാഹനങ്ങളുടെ ഇന്ത്യയിലാകെ ലക്ഷം പേർക്ക് 63 എണ്ണമാണെങ്കിൽ കേരളത്തിൽ 75 എണ്ണമുണ്ടു്. ഈ നിരക്കിൽ കൂടുതലുള്ളതു് 5 പ്രധാന നഗരങ്ങളുൾക്കൊള്ളുന്ന മൂന്നു് മുന്നോക്കസംസ്ഥാനങ്ങളിൽ മാത്രമാണു്. ഗുജറാത്തും മൈസൂരുമെല്ലാം ഇക്കാര്യത്തിൽ കേരളത്തിനു പുറകിലാണു്. ഈ വാഹനസമൃദ്ധി കേരളത്തിന്റെ വ്യവസായവല്ക്കരണത്തിന്റെയും വ്യാപാ

രത്തിന്റെയും തെളിവല്ലെന്നതിനു് മറ്റൊരു കണക്കു കൂടി കാണിക്കാം. ചരക്കു കയറ്റിക്കൊണ്ടു പോകുന്ന മോട്ടോർവാഹനങ്ങളുടെ എണ്ണം ഇന്ത്യയിലാകെ ലക്ഷംപേർക്കു് 45 എണ്ണമാണെങ്കിൽ കേരളത്തിലേതു് 32 മാത്രമേയുള്ളു. സ്വകാര്യ മോട്ടോർവാഹനങ്ങളുടെ എണ്ണത്തിൽ കേരളത്തിനു പുറകെ നിൽക്കുന്ന മൈസൂറും ഗുജറാത്തിലും ആസ്സാമിലും മറ്റു പല സംസ്ഥാനങ്ങളിലും ചരക്കുകയറ്റുന്ന മോട്ടോർവാഹനങ്ങളുടെ എണ്ണം ശരാശരി കേരളത്തേക്കാൾ കൂടുതലാണു്. നേരിട്ടു് വ്യവസായവൽക്കരണത്തിലും രാജ്യാഭിവൃദ്ധിയിലും താല്പര്യമില്ലാത്ത ഒരു ഇതിഹാസക്കണ്ണി വിഭാഗത്തിന്റെ വളർച്ചയെയല്ലേ ഈ പ്രവണതകളും കാണിക്കുന്നതു്?

സാമ്പത്തിക ജീവിതത്തിന്റെ മറ്റൊരു വശം പരിശോധിക്കാം. 1961 മുതൽ 1965 വരെയുള്ള കാലയളവിൽ പബ്ലിക് ലിമിറ്റഡ് ജോയിന്റ് സ്റ്റോക്കു് കമ്പനികളുടെ എണ്ണം 18 ശതമാനം കുറയുകയുണ്ടായി. 1967–ൽ അതു് വീണ്ടും 2 ശതമാനംകൂടി കുറഞ്ഞു. എന്നാൽ സ്വകാര്യ ലിമിറ്റഡ് കമ്പനികളുടെ എണ്ണം ആദ്യത്തെ കാലയളവിൽ 6 ശതമാനം വർദ്ധിച്ചു. 1967–ൽ സ്വകാര്യ ലിമിറ്റഡ് കമ്പനികളുടെ എണ്ണത്തിൽ 15 ശതമാനം കുറയുകയും ചെയ്തു. അങ്ങിനെ മൊത്തം സ്വകാര്യകമ്പനികളും വർദ്ധിച്ചെങ്കിലും രണ്ടുതരം കമ്പനികളുടെയും എണ്ണത്തിൽ 1961 മുതൽ 1965 വരെ 4 ശതമാനം കുറവുണ്ടായി. 1967–ൽ വീണ്ടും 2 ശതമാനം കൂടി കുറഞ്ഞു.

സ്വകാര്യ ലിമിറ്റഡ് കമ്പനികളാണു് ഇടത്തരം പണക്കാരുടെ പണം ഒളിച്ചുവയ്ക്കുവാൻ കൂടുതൽ സൗകര്യം നല്കുന്നതു്. ഈ വിഭാഗക്കാരുടെ മൂലധനശേഖരത്തിൽ കമ്പനികളുടെ എണ്ണത്തിനനുസരിച്ചു കുറവുണ്ടായിട്ടില്ലെന്നു മാത്രമല്ലാ, വർദ്ധനവുണ്ടാകുകയും ചെയ്തു എന്നു് 18–ാംപട്ടികയിൽ നിന്നു് കാണുക.

പട്ടിക 18

കേരളത്തിലെ കമ്പനികളിലെ മൂലധനവികാസം

വർഷം	അനുവദിക്കപ്പെട്ട മൂലധനം		
	പബ്ലിക്	പ്രൈവറ്റ്	ആകെ
1960-61	3957·97	1782·55	5740·52
1965-66	16836·56	4107·81	20944·37
1966-67	17060·56	4164·51	21225 07
* 1967-68	17180·56	4205·81	21386·37
	പിരിഞ്ഞുകിട്ടിയ മൂലധനം		
1960-61	2407·62	634·57	3042.19
1965-66	3352·67	963 06	4315.73
1966-67	3508·86	974·44	4483·30
* 1967-68	3600·56	1163·78	4764·34

* 1967 ഫെബ്രുവരി മുതൽ ഡിസംബർ വരെ.

ഈ വസ്തുതക്കു് ഉപോൽബലകമാണു് ബാങ്കുകളുടെ വളർച്ചയിൽ കാണുന്ന ചില പ്രവണതകളും. ഷെഡ്യൂൾഡ് അല്ലാത്ത ചെറിയ ബാങ്കുകളും ക്രമേണ അവസ്തമിക്കുകയും അവ വലിയ ഷെഡ്യൂൾഡ് ബാങ്കുകളിൽ ലയിക്കുകയും ചെയ്തുകൊണ്ടിരിക്കയാണു്. 1931-ൽ കേരളത്തിലാകെ മൂന്നു് ഷെഡ്യൂൾഡ് ബാങ്കുകളും 81 ഷെഡ്യൂൾഡ് അല്ലാത്ത ബാങ്കുകളുമാണുണ്ടായിരുന്നതു്. 1965 ആയപ്പോഴേക്കും ഷെഡ്യൂൾഡ് അല്ലാത്ത ബാങ്കുകളുടെ എണ്ണം 81-ൽ നിന്നും 7 ആയി കുറഞ്ഞു. മൂന്നു ഷെഡ്യൂൾഡ് ബാങ്കുകളുടെ അടച്ചു തീർത്ത മൂലധനം 1.21 കോടി രൂപയിൽ നിന്നും ഈ കാലയളവിൽ 1.26 കോടിയായി വർദ്ധിച്ചു. കരുതൽ മൂലധനമാകട്ടെ 45 ലക്ഷത്തിൽ നിന്നും 60 ലക്ഷമായി വർദ്ധിച്ചു. ഇതു കൂടുതലാണെന്നു പറഞ്ഞുകൂടാ. ഇതിനു പുറമെ ഈ അടുത്തകാലത്തു് അഖിലേന്ത്യാ വൻകിട ബാങ്കുകളുടെ അനേകം ശാഖകളും ഇവിടെ ആരംഭിച്ചിട്ടുണ്ടു്. ഇവിടത്തെ വ്യവസായവൽക്കരണം മന്ദഗതിയിലായതിനാൽ പുതൻ പണക്കാർ പലിശക്കിടുന്നതു് ഈ അഖിലേന്ത്യൻ ബാങ്കുകളിലാണു്. ഇവിടെയുണ്ടാകുന്ന മൂലധനം തന്നെ അങ്ങിനെ ഇന്ത്യൻ കുത്തക കേന്ദ്രങ്ങളിലേക്കൊഴുകിക്കൊണ്ടിരിക്കുന്നു. ഇവിടത്തെ ഇത്തിക്കണ്ണിവർഗ്ഗത്തിന്റെ മൂലധനം വർദ്ധിക്കുകയും അഖിലേന്ത്യാകുത്തകകളുടെ ആവശ്യത്തിനായി നിക്ഷേപിക്കുകയും ചെയ്യുന്നു. അതാണു് കേരളത്തിന്റെ തനതായ ബാങ്കിങ്ങു് വ്യവസായത്തിന്റെ ക്ഷീണത്തിനു കാരണം. 1961 മുതൽ 1965 വരെ ഇന്ത്യൻ ഷെഡ്യൂൾഡ് ബാങ്കുകളിലെ നിക്ഷേപം 1654 കോടി രൂപയിൽ നിന്നും 2731 കോടിയായി ഉയർന്നു എന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ നോക്കിയാൽ ഈ നിഗമനത്തിന്റെ യുക്തിബോദ്ധ്യമാവും. സാധാരണക്കാർ പണം നിക്ഷേപിക്കുകയും വായ്പ

യെടുക്കുകയും ചെയ്യുന്ന സഹകരണസ്ഥാപനങ്ങളുടെ സ്ഥിതി കേരളത്തിൽ മോശമാണു്. സഹകരണസംഘങ്ങളിലെ പ്രതി ശീർഷപ്രവർത്തനമൂലധനം 15.16 രൂപ മാത്രമാണു് കേരളത്തിൽ. ആന്ധ്ര, ഗുജറാത്തു്, മധ്യപ്രദേശം, മദിരാശി, മഹാരാഷ്ട്ര, മൈസൂർ, പഞ്ചാബു്, ഉത്തരപ്രദേശം തുടങ്ങിയ ഭൂരിപക്ഷം സംസ്ഥാനങ്ങളിലും സഹകരണസംഘങ്ങളിലെ പ്രതിശീർഷപ്രവർത്തനമൂലധനം കേരളത്തിലേതിനേക്കാൾ വളരെ കൂടുതലാണു്. 1962-63-ലെ കണക്കുകളാണിതു്.

കേരളത്തിൽ ആദായനികുതികൊടുക്കുന്നവരുടെ എണ്ണം അത്ര കുറവല്ല. 3,000 രൂപയിലേറെ വാർഷികാദായമുള്ളവരാണല്ലോ ആദായനികുതി അടയ്ക്കേണ്ടതു്. ഇന്ത്യയിലാകെ ആദായനികുതി കൊടുക്കുന്ന 11 ലക്ഷം പേരിൽ 25,000 പേർ കേരളത്തിലാണു്. പക്ഷേ അഞ്ചുലക്ഷത്തിലധികം വർഷികവരുമാനമുള്ളവർ ഇന്ത്യയിൽ 1343 പേരാണെങ്കിൽ കേരളത്തിൽ 22 പേരെ ഉള്ളൂ. നികുതിവെട്ടിക്കുന്ന അനവധി മിടുക്കന്മാരും കർഷികാദായനികുതിക്കാരും ഈ കണക്കിൽ പെട്ടിട്ടില്ല. ഇതിൽ നിന്നെല്ലാം തെളിയുന്ന അസന്നിശ്ചയമായ വസ്തുത ഒന്നുമാത്രം: 20 കൊല്ലക്കാലത്തെ കോൺഗ്രസ് ഭരണം കൊണ്ടു് ഭൂരിപക്ഷംപേരും കൂടുതൽ ദാരിദ്ര്യത്തിലേക്കു് തള്ളപ്പെട്ടപ്പോൾ തടിച്ചു കൊഴുത്ത ഒരു ചെറിയ വിഭാഗം ഇത്തിക്കണ്ണികൾ കേരളത്തിലുണ്ടു്. ഈ വിരോധാഭാസം താരതമ്യത്തിൽ ഇവരത്ര കേമന്മാരല്ലെങ്കിലും ഇന്നത്തെ ഇന്ത്യൻസാമൂഹ്യവ്യവസ്ഥയിലും ഭരണാധികാരത്തിലും കോൺഗ്രസ്—പിന്തിരിപ്പൻ വാഴ്ചയിലും ഇല്ലാട്ടർക്കു് സ്ഥാപിതതാല്പര്യമുണ്ടു്.

10. പാവങ്ങൾക്കു് കനത്ത പ്രഹരം

മേൽ വിവരിച്ചപ്രകാരം ഒരു ചെറിയ ഭാഗ്യപരിലാളിത വിഭാഗം കേരളത്തിൽ ഉയർന്നുവരുമ്പോഴും ഭൂരിപക്ഷം കൃഷിക്കാരുടേയും കാർഷികതൊഴിലാളികളുടേയും വ്യാവസായിക തൊഴിലാളികളുടെയും മറ്റു ഇടത്തരം ജീവനക്കാരുടേയും സ്ഥിതി ദിനംപ്രതി അധഃപതിച്ചു വരികയാണു്. ഇന്ത്യയിലെ 100 ലക്ഷം തൊഴിലില്ലാപട്ടാളത്തിലെ 10 ലക്ഷം പേർ കേരളത്തിലാണെന്നു് നേരത്തേ പ്രസ്താവിച്ചിരുന്നുവല്ലോ. അതിലും വലിയൊരു സംഖ്യ അപൂർണമായ തൊഴിലില്ലായ്മകൊണ്ടു ക്ലേശിക്കുന്നു. ഇവയിലെല്ലാം ഗണനീയമായ സംഖ്യ അദ്ധ്യസ്ഥവിദ്യരാണു്. അദ്ധ്യസ്ഥവിദ്യരിൽ സ്ത്രീകൾ, ഹൈസ്കൂൾ കോളേജ് സർവകലാശാലാ ബിരുദക്കാരും എഞ്ചിനീയർമാരും കൂടി ഉൾപ്പെട്ടും. ഇനി തൊഴിലുള്ളവരുടെ ദയനീയകഥ അന്വേഷിക്കാം.

കേരളത്തിലെ ജനസംഖ്യയിൽ 39 ശതമാനം കാർഷിക തൊഴിലാളികളാണു്. ഇന്ത്യയിലാകെ നോക്കിയാൽ ഈ വിഭാഗം 17.5 ശതമാനമേ ഉള്ളൂ. ഈ ഉയർന്ന ശതമാനത്തിനു് മുഖ്യകാരണം ചെറുകിട കൃഷിക്കാരുടെ തകർച്ചയാണു്. അതുമൂലം ഭൂമിനഷ്ടപ്പെട്ട ചെറുകൃഷിക്കാർ കാർഷികതൊഴിലാളികളായി തരം താഴുന്നു. കൃഷിയിലുള്ള ജനസമ്മർദ്ദം ഏറ്റവുമധികമാണു്. കേരളത്തിലെ ശരാശരി കൈവശഭൂമി ആളൊന്നുപ്രതി 1.5 ഏക്കർ മാത്രമാണു്. ഇന്ത്യയാകെ ആകട്ടെ 7.5 ഏക്കറും. തിരുകൊച്ചിഭാഗത്തു സ്ഥിതി ഇതിലും കഷ്ടമാണു്. 60 ശതമാനം കൈവശഭൂമിയും ഒരേക്കറിൽ കുറവത്രേ. 1956 ലെ കണക്കനുസരിച്ചു് ഇന്ത്യയിലാകെയുള്ള ഭൂമിയിൽ 39 ശതമാനത്തിൽ മാത്രമേ കൃഷിയിറക്കിയിട്ടുള്ളുവെങ്കിൽ കേരളത്തിൽ 47.16 ശതമാനത്തിൽ കൃഷിയിറക്കിയിരിക്കുന്നു. (ഏകദേശം 45.25 ഏക്കർ) 25 ശതമാനം വനഭൂമികൂടി മാറ്റിവെച്ചാൽ കേരള

ത്തിലെ ഏത്തിരി മണ്ണിൽ ഒത്തിരിപേർ" പരിഭ്രാന്തരായി കടിച്ചുതൂങ്ങിയിരിക്കുകയാണു് എന്നു് കാണാം.

ഇങ്ങിനെ ഉള്ള മണ്ണിൽ തിന്നും ഉടുക്കുണിമാത്രമായി കൂട്ടിപ്പായ്ക്കപ്പെട്ടുകൊണ്ടിരിക്കുന്ന കാർഷികതൊഴിലാളികളുടെ സ്ഥിതി അനുദിനം അധഃപതിക്കുകയാണെന്നു് കണക്കുകൾ കാണിക്കുന്നു. കാഷ്ികതൊഴിലാളി അന്വേഷണകമ്മറിയുടെ രണ്ടാം റിപ്പോർട്ട് അനുസരിച്ചു് കേരളത്തിലെ ഒരു കാർഷികതൊഴിലാളിക്കു് ആണ്ടിൽ 170 ദിവസം മാത്രമേ പണിയുള്ളു. ഇന്ത്യയിലാകെ കാർഷിക തൊഴിലാളികളുടെ യഥാർത്ഥവരുമാനം സ്വാതന്ത്ര്യാനന്തര വർഷങ്ങളിൽ ഇടിഞ്ഞുതന്നെകൊണ്ടിരിക്കുകയാണു്. എന്നാൽ തകർച്ചയുടെ ഗതിവേഗം ഇന്ത്യയിലേതിനേക്കാളും കൂടുതലാണെന്നു് ഈ കമ്മറിയുടെ കണക്കുകൾ തെളിയിക്കുന്നു.

പട്ടിക 19

കാഷ്ികതൊഴിലാളികുടുംബങ്ങളുടെ

ശരാശരി വാർഷികവരുമാനം

	കേരളം	ഇന്ത്യ
1950–51	436 രൂ.	447 രൂ.
1956–57	437 രൂ.	437 രൂ.

പിന്നീടുള്ള കണക്കുകൾ കൃത്യമായി കൈവശമില്ലെങ്കിലും നാണയപ്പെരുപ്പത്തിന്റേയും സാമ്പത്തിക കുഴപ്പത്തിന്റേയും പശ്ചാത്തലത്തിൽ ഈ പ്രവണത തുടരുന്നു എന്നു കണക്കാക്കുന്നതിൽ തെറ്റില്ല.

കേരളത്തിലെ വ്യവസായ തൊഴിലാളികളുടെ നിലയും ഒട്ടും മെച്ചമല്ല. ഏറ്റവും ഒടുവിൽ കിട്ടിയ കണക്കുകളനുസരിച്ച് 400 രൂപയിൽ കുറഞ്ഞ മാസവരുമാനമുള്ള തൊഴിലാളികളുടെ ശരാശരി ദിവസച്ചെലവ് ഇന്ത്യയൊട്ടാകെ എടുത്താൽ 6.13 രൂപയാണെങ്കിൽ കേരളത്തിലേതു് 3.54 രൂപ മാത്രമാണു്. കുറെക്കാലമായി ഈ സ്ഥിതി വർഷംപ്രതി മോശമായി വരികയാണു്. പേയ്മെൻറ് ഓഫ് വേജസ് ആക്ട് ബാധകമായ തൊഴിലാളികളുടെ വാർഷികവരുമാനകണക്കു് ഇന്ത്യാഗവമ്മെണ്ടു് പത്തുവർഷം മുമ്പു് പ്രസിദ്ധീകരിച്ചിരുന്നതു് നോക്കുക. (പട്ടിക 20)

പട്ടിക 20

ഫാക്ടറി തൊഴിലാളികളുടെ ശരാശരി വാർഷിക വരുമാനം: 1956

	സംസ്ഥാനം	രൂപാ
1	ആസാം	1,526
2	ബോംബേ	1,415
3	ബീഹാർ	1,236
4	പ. ബങ്കാളം	1,142
5	ഉത്തരപ്രദേശം	1,014
6	പഞ്ചാബ്	991
7	മധ്യപ്രദേശം	982
8	മദ്രാശി	950
9	ഒറീസ	947
10	കേരളം	736
11	ആന്ധ്ര	595

പട്ടിക 21

ഫാക്ടറി തൊഴിലാളികളുടേ ശരാശരി

ദിവസവരുമാനം: 1964

	സംസ്ഥാനം	രൂപാ	രൂപാ
1	ആന്ധ്രം	3·09	3·23
2	അസ്സാം	2·98	3·62
3	ബീഹാർ	4·25	5·28
4	ഗുജറാത്ത്	5·47	5·92
5	കേരളം	2 91	3·15
6	മധ്യപ്രദേശം	5 75	6·45
7	മദിരാശി	4·89	5.07
8	മഹാരാഷ്ട്രം	5·69	5·52
9	മൈസൂർ	4.78	5·31
10	ഒറീസ	....	....
11	പഞ്ചാബ്	4·25	4·59
12	രാജസ്ഥാൻ	4·23	4·41
13	ഉ പ്രദേശം	4·87	4·99
14	പ: ബങ്കാളം	4·57	5·45

[ഇതിൽ ഒന്നാം കോളത്തിലേതു് 200 രൂപയിൽ കുറഞ്ഞ മാസവരുമാനക്കാരുടെയും രണ്ടാം കോളത്തിലേതു് 400 രൂപയിൽ കുറഞ്ഞവരുടെയും ശരാശരി ദിവസവരുമാനമാണു്.]

ക്ഷേദശകത്തോളം കാലത്തെ ആസൂത്രണവും സാമ്പത്തിക വികസനവും കഴിഞ്ഞിട്ടും കേരളത്തിലെ 'കോരനും' കുമ്പിളിൽ തന്നെയാണ് കഞ്ഞി'യെന്നു 1964 ലെ കണക്കുകളും തെളിയിക്കുന്നു. (പട്ടിക 21). കേന്ദ്രലേബർബ്യൂറോ പ്രസിദ്ധീകരിച്ച ഈ കണക്കുപ്രകാരം ഇന്ത്യയിലെ ഏറ്റവും അധഃകൃതനായ തൊഴിലാളി കേരളീയനാണെന്നു തെളിയുന്നു.

11. അധഃകൃതാവസ്ഥക്കെതിരായി പോരാടുക !

ഈ എല്ലാവിധവിവേചനങ്ങളുംക്കും അവഗണനക്കും മകുടം ചാർത്തുന്നതായ് ഭക്ഷ്യകാര്യത്തിൽ കേരളത്തോട് കേന്ദ്രം അനുവർത്തിക്കുന്ന ക്രൂരമായ നയമാണു്. 54 ശതമാനത്തിലധികം ഭക്ഷ്യകമ്മിയുള്ള കേരളം സ്വന്തം നിലയിൽ എത്ര ഉല്പാദനം വർദ്ധിപ്പിച്ചാലും സംഭരണവിതരണങ്ങളും ക്രമപ്പെടുത്തിയാലും പുറമെനിന്നു് ക്ഷണം കിട്ടാത്തപക്ഷം പട്ടിണികിടക്കുകയേനിവൃത്തിയുള്ളൂ. ഐക്യമുന്നണി ഗവണ്മെണ്ടു് അധികാരത്തിൽ വന്നതിനുശേഷം കേന്ദ്രം കേരളത്തിലേക്കുള്ള ഭക്ഷ്യ ഇറക്കുമതി കുറച്ചുവെന്നു മാത്രമല്ല, സബ്സിഡി പിൻവലിച്ചു് ഒന്നിലേറെ തവണ വില കൂട്ടുകയുംചെയ്തു. കേരളത്തിനു് അരി തരികയുമില്ല, മറ്റു സംസ്ഥാനങ്ങളിൽനിന്നോ വിദേശത്തുനിന്നോ അരിവാങ്ങാൻ കേരളത്തെ അനുവദിക്കുകയുമില്ല എന്നവയ്യോൽതൊട്ടിയിലെ ശുനക ന്യായമാണു് കേന്ദ്രം അനുവർത്തി

ക്കുന്നു. ഈ പ്രശ്നത്തെപ്പറ്റി പല ലഘുലേഖകളും രേഖകളും പ്രസിദ്ധീകരിച്ചിട്ടുള്ള നിലക്ക് ഞാൻ ഇവിടെ വിശദാംശങ്ങളിലേക്ക് പ്രവേശിക്കുന്നില്ല. ഒരു കാര്യം മാത്രം ഓർമ്മിപ്പിച്ചുകൊള്ളട്ടെ. കേരളത്തിലെ ഭക്ഷ്യക്ഷാമവും കേന്ദ്രഗവണ്മെണ്ടു കൂട്ടുന്നവിലയ്ക്ക് ഉപഭോക്താക്കൾക്ക് പകരാതിരിക്കാൻ ഗവണ്മെണ്ടു് എടുക്കുന്ന നടപടികളും കേരളത്തിന്റെ മൂലധനരൂപീകരണത്തെ സാരമായി ബാധിക്കുന്നു. അതു് നമ്മുടെ വ്യവസായവൽക്കരണത്തേയും വിദേശനാണ്യവരുമാനത്തേയും ചങ്കുകാന്നോടുക്കുന്ന അർബുദമായി മാറിയിരിക്കുകയാണു്.

ഇരുപതുകൊല്ലത്തെ കോൺഗ്രസ്സ് ഭരണവും കേന്ദ്രഗവണ്മെണ്ടിന്റെ സർവാധിപത്യവും നമ്മെ പട്ടിണിയുടേയും തൊഴിലില്ലായ്മയുടെയും സംസ്ഥാനമാക്കി മാറ്റിയിരിക്കുന്നു. കെട്ടുതികളിൽ മുൻപന്തിയിൽ തിൽക്കുന്ന ഈ സംസ്ഥാനം കേന്ദ്രഗവർമ്മെണ്ടിന്റെ ആനുകൂല്യങ്ങളിൽ ഏറ്റവും അവസാനത്തെ പങ്കിയിലാണു്. അഖിലേന്ത്യാതോതിനേക്കാളും കുറഞ്ഞ പ്രതിശീർഷവരുമാനം, ഇന്ത്യയിലെ ഏറ്റവും പിന്നോക്കമായ വ്യവസായവൽക്കരണത്തോതു്, പഞ്ചവത്സരപദ്ധതികളുടെ വിഹിതം ഏതടിസ്ഥാനത്തിൽ നോക്കിയാലും ഏറ്റവും കുറച്ചു കിട്ടുന്ന സംസ്ഥാനം, സാധാരണക്കാരുടെ ജീവിതനിലവാരം ഏറ്റവും ഇടിച്ച താഴ്ത്തപ്പെട്ടിട്ടുള്ള പ്രദേശം — ഇവയാണു് ഇന്ത്യൻ യൂണിയനകത്തെ തരവാട്ടിൽ നമുക്കു് ലഭിക്കുന്ന അനുഭവം. ഇപ്പോഴത്തെ പദ്ധതിതന്നെ കേന്ദ്രം മാറ്റിവെച്ചിരിക്കുന്നു. 1969-ൽ നാലാം പദ്ധതി ആരംഭിക്കുമെന്നു്

പറയപ്പെടുന്നു. ആ പദ്ധതിയിലും പഴയ നിലയിൽനിന്നും വ്യത്യസ്തമായ പെരുമാറ്റം നമുക്ക് ലഭിക്കുമെന്നതിനും സൂചനകളില്ല.

ഇന്ത്യൻ കമ്മ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടി നാലാം പൊതുതെരഞ്ഞെടുപ്പിനുമുമ്പ് പ്രസിദ്ധപ്പെടുത്തിയ പ്രകടനപത്രികയിൽ പറയുന്നു:

"മുതലാളിത്തപാതയിൽ തുടരുന്ന കോൺഗ്രസ്സ് പാർട്ടി ഓരോതരത്തിലും (ഇന്ത്യയിൽ) അരാജകത്വം സൃഷ്ടിക്കാനാണ് ശ്രമിക്കുന്നത്. അവരുടെ കീഴിൽ പരിതാപകരമായി മാത്രം പുരോഗമിച്ചിട്ടുള്ള വ്യവസായങ്ങൾ തന്നെ കേന്ദ്രീകരിച്ചിട്ടുള്ളത് കേവലം മൂന്നോ നാലോ സംസ്ഥാനങ്ങളിൽ മാത്രമാണ്. ബാക്കിയുള്ള സംസ്ഥാനങ്ങൾക്കാകട്ടെ യാതൊരു പുരോഗതിയും ലഭ്യമായിട്ടില്ല. ഒരു ഭാഗത്തുള്ള ഈ ഖിന്നവചനനയവും മറുഭാഗത്തുള്ള തങ്ങളുടെ പ്രദേശം വ്യാവസായികമായി വികസിക്കണമെന്നുള്ള അടക്കിനിർത്താനാവാത്ത ജനകീയാഭിലാഷവും മൂലം പദ്ധതിയുടെ ആസൂത്രകർ സ്ഥാപിക്കാനുദ്ദേശിക്കുന്ന ഓരോ വ്യവസായശാലയും കലഹത്തിനുള്ള കാരണമായിത്തീരുന്നു"

യാതൊരു പുരോഗതിയുമുണ്ടാവാത്ത "ബാക്കിയുള്ള സംസ്ഥാനങ്ങളി"ൽ ഏറ്റവും അധഃപതിച്ചതു് കേരളമാണു് എന്നു് നാം കണ്ടുകഴിഞ്ഞു. മറ്റുള്ളവരെപ്പോലെയോ അതിൽ കൂടുതലുമോ നാം അവകാശങ്ങൾക്കു വേണ്ടി പോരടിക്കേണ്ടേ? ഉരുക്കുനിർമ്മാണശാലക്കുവേണ്ടി ആന്ധ്രയിലെ കോൺഗ്രസുകാരും എണ്ണശുദ്ധീകരണശാലക്കുവേണ്ടി ആസാമിലെ കോൺഗ്രസുകാരും പ്രക്ഷോഭണം കൂട്ടി, "ഭരണവും സമരവും" ഒന്നിച്ചു കൊണ്ടു പോയില്ലേ?

നാലാം പൊതുതെരഞ്ഞെടുപ്പിനു് മുമ്പു് കേരളത്തിലെ ഏഴു് ഐക്യമുന്നണി പാർട്ടികളും പുറപ്പെടുവിച്ച നയപ്രഖ്യാപനത്തിൽ ഇങ്ങിനെ പറയുന്നു:

"ഭക്ഷ്യദൗർലഭ്യം, വ്യാവസായികമായ പിന്നോക്കനില, ഇവയുടെ ഫലമായി ഉണ്ടാവുന്ന തൊഴിലില്ലായ്മ മുതലായി 'കേരളത്തിന്റെ പ്രത്യേക പ്രശ്നങ്ങളായി കണക്കാക്കുന്ന പ്രശ്നങ്ങളോരോന്നും കോൺഗ്രസ്സ് ഗവൺമെണ്ടിന്റെ അഖിലേന്ത്യാനയങ്ങൾക്കു് പറ്റുന്ന പരാജയത്തിന്റെ പ്രകടനമാണു്. ക്രൂരമായ കേന്ദ്രഭരണത്തിന്റെ മേധാവിത്വം വഹിക്കുന്നവരുടെ അവഗണനാമനോഭാവം, അതിനു് വളംവെച്ചുകൊടുക്കുന്ന കേരളത്തിലെ കോൺഗ്രസുകാരുടെ ആശ്രിതമനോഭാവം,

സ്വയംഭരിക്കാൻ കഴിവില്ലെങ്കിലും മറ്റുള്ളവരെ ഭരിക്കാൻ അനുവദിക്കുകയില്ലെന്ന കോൺഗ്രസുകാരുടെ വാശി, ഇതിന്റെയെല്ലാം ഫലമായി കേരളത്തിൽ തുടർച്ചയായി നിലനിന്നുപോന്ന രാഷ്ട്രീയ അനിശ്ചിതത്വവും ഉദ്യോഗസ്ഥദുഷ്പ്രഭുത്വവും—ഇവയും കേരളത്തിന്റെ വിഷമപ്രശ്നങ്ങളെ കൂടുതൽ മൂർഛിപ്പിച്ചിട്ടുണ്ട്.

ഈ കാരണങ്ങളാലാണ് ഒന്നും രണ്ടും മൂന്നും പഞ്ചവത്സരപദ്ധതികളിൽ കേരളം അവഗണിക്കപ്പെട്ടത്. ഈ നില അവസാനിപ്പിക്കുന്നതിനും കേരളത്തിൽ ഒരുറച്ച ഗവണ്മെന്റു ഉണ്ടാക്കുകയും ആ ഗവണ്മെന്റു ഈ സംസ്ഥാനത്തിന്റെ ന്യായമായ ആവശ്യങ്ങൾക്കുവേണ്ടി ശക്തിയായി വാദിക്കുകയും ആ വാദം സംബന്ധിച്ച വിശദവിവരങ്ങൾ മുഴുവൻ ജനങ്ങളെ ധരിപ്പിച്ചു് അവരുടേതായ സമ്മർദ്ദം കേന്ദ്രത്തിന്റെ മേൽ ചെലുത്തുകയും ചെയ്യേണ്ടിയിരിക്കുന്നു. ഇതെല്ലാം ചെയ്യുന്നതിനും വേണ്ട നടപടികൾ ഈ കക്ഷികളുടെ ഗവണ്മെന്റും എടുക്കുന്നതായിരിക്കും."

രണ്ടും സമരവും ഒന്നിച്ചുനടത്തണമെന്ന സമ്മതമായ വാദമല്ലേ ഐകൃമുന്നണികക്ഷികളും ഇവിടെ അവതരിപ്പിച്ചി

രിക്കുന്നു? എല്ലാ കാര്യങ്ങളും ഇവിടത്തെ ഗവർമ്മെന്റുതന്നെ വിചാരിച്ചാൽ നടക്കാവില്ലെന്നു് ഉറപ്പിച്ചു പറയുന്ന ഈ സംയുക്തനയപ്രഖ്യാപനം കേന്ദ്രമധ്യവികളുടെ അവഗണനയ്ക്കു് വളംവെച്ചു കൊടുക്കുന്നു കോൺഗ്രസുകാരുടെ ആശ്രിതമനോഭാവത്തെ എടുത്താക്ഷേപിച്ചിരിക്കുന്നു. ഈ ആശ്രിതമനോഭാവം കോൺഗ്രസുകാരെ അനുകരിച്ചു് ഐകമുന്നണികക്ഷികൾ കൈക്കൊണ്ടാലോ? ഇതിനുവേണ്ടി കക്ഷികൾമാത്രം പ്രവർത്തിച്ചാൽ പോരാ, ഗവർമ്മെണ്ടുതന്നെ തടപടികളെടുക്കണമെന്നാണു് ഈ രേഖ അനുശാസിക്കുന്നതു്. സംസ്ഥാനത്തിന്റെ വാദം സംബന്ധിച്ച വിശദവിവരങ്ങൾ ജനങ്ങളെ ധരിപ്പിക്കണമെന്ന നയപ്രഖ്യാപനത്തിലെ നിർദ്ദേശം നടപ്പാക്കുന്നതിനുള്ള പരിശ്രമത്തിനുള്ള എളിയ സംഭാവനയാണു് ഈ ലഘുലേഖ തന്നെ.

കേന്ദ്രസംസ്ഥാനബന്ധത്തെ സമഗ്രമായി പരിഷ്കരിക്കുന്നതിനുവേണ്ടി സമരം ചെയ്യുന്നതെന്ന ആഹ്വാനവും സംയുക്തനയപ്രഖ്യാപനം നൽകുന്നു: ഒന്നുകൂടി ചരിത്രപ്രധാനമായ ആ സംയുക്തപ്രഖ്യാപനം ഉദ്ധരിച്ചുകൊള്ളട്ടെ.

"ഭരണഘടനയനുസരിച്ചുള്ള പരിമിതമായ അധികാരങ്ങൾപോലും ക്രമേണയായി കവർന്നെടുത്തു് സംസ്ഥാനസ്വയംഭരണാധികാരവും പദവിയും വെട്ടിക്കുറക്കാനാണു് കേന്ദ്രം ശ്രമിച്ചുകൊണ്ടിരിക്കുന്നതു്. ഈ ശ്രമം പരാജയപ്പെടുത്തുവാനും സംസ്ഥാനഗവർമ്മെണ്ടിനു് കൂടുതൽ അധികാരങ്ങൾ നേടിയെടുക്കാനും അക്കാര്യത്തിൽ പൊതുജനപിന്തുണ നേടാനും ഗവർമ്മെണ്ടു ശ്രമിക്കുന്നതാണു്."

കേന്ദ്രഗവർമ്മെണ്ടിനോട് സമരം ചെയ്യാൻ ഐക്യമുന്നണികക്ഷികളും പ്രതിജ്ഞാബദ്ധരാണ്. സമരത്തിനുവണ്ടി സമരമല്ല. അധഃസ്ഥിതയായ കേരളത്തിന്റെ പുരോഗതിക്ക് മറ്റൊരു മാർഗവും കാണാത്തതുകൊണ്ടാണ്. തയ്യുപ്പുപന്തിയുടെ ഈ പ്രതിജ്ഞക്ക് അനുസരിച്ച് ഐക്യമുന്നണി കക്ഷികളും ഓരോന്നും സ്വന്തം കടമ ചെയ്യുവോ എന്നു് ആത്മപരിശോധന ചെയ്യേണ്ട സമയമായി.

കമ്മ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടി ഈ പ്രതിജ്ഞയിൽ ഉറച്ചുനിൽക്കുന്നു. എല്ലാ ഐക്യമുന്നണി കക്ഷികളോടും അതിനു പുറമെയുള്ള ദേശസ്നേഹികളോടും തോളോടുതോളം ചേർന്ന് കേന്ദ്രഗവർമ്മെണ്ടിന്റെ അവഗണനക്കും ദ്രോഹകരമായ നയങ്ങൾക്കും എതിരായി വിട്ടുവീഴ്ചയില്ലാതെ പടപൊരുതാൻ പാർട്ടി ജനങ്ങളോടാഹ്വാനം ചെയ്യുന്നു. കോൺഗ്രസുകാരുടെ ആശ്രിതമനോഭാവം അനുകരിക്കാതിരിക്കുക. നാശത്തിന്റെ തെല്ലിപ്പടിയിലെത്തിയ കേരളത്തിലെ അവകാശബോധവും ആത്മാഭിമാനവും സമരശേഷിയുമുള്ളവർ ഉണരട്ടെ.

7817



ഈ ലഘുലേഖയെക്കുറിച്ച്

ഇതൊരു സാധാരണ ലഘുലേഖയ
ഒരു 'കൈപ്പുസ്തക'മാണു്.
ഇതിൽവാക്കുകളെക്കാൾ കൂട്ടതലായ
കണക്കുകൾ സംസാരിക്കുന്നു.
കേരളം അവഗണിക്കപ്പെട്ടിട്ടുണ്ടോ?
ഇല്ലെന്നു പറയുന്നവരുണ്ടു്.
അവരിൽ പ്രമുഖനാണു് കേന്ദ്രമന്ത്
ശ്രീമാൻ പനമ്പള്ളി.
കേരളം എവിടെ, എന്തിനു്,
ആരു് അവഗണിച്ചു? തെളിയിക്കാ
ശ്രീ പനമ്പള്ളി ചോദിക്കുന്നു!
ഇതിലെ ആധികാരികമായ കണ
അതിനുത്തരം പറയുന്നു.
കേരളം അധ:കൃതസംസ്ഥാന
മല്ലെന്നു് തെളിയിക്കാൻ–
അതുകൊണ്ടുതന്നെ ഞങ്ങളിതു്
കേന്ദ്രമന്ത്രി ശ്രീമാൻ പനമ്പള്ളിനു
സമർപ്പിക്കുന്നു.

പ്രസാധക